# ലക്ഷ്മീഭായി

പുസ്തകം ൩൧ | ൧൧൧൧ മകരം | ലക്കം ൧൦

## മംഗളം

ലക്ഷ്മീശൻ സർവ്വവർണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷസ്ഥാസ്യന്നെ ദീക്ഷിച്ചമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവർണ്ണാവലിപരിവിലസൽപത്രവൃന്ദം പെടുന്നീ-
‘ലക്ഷ്മീഭായി’ക്കു വേണ്ടും നിഖിലഗുണകലാപൂർത്തിയെച്ചേർത്തിടട്ടെ.

കവിസാർവ്വഭൗമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

---

## * പ്രേമവിജയം

പ്രേമം ദൈവികമാണ്. അതിന്റെ ഗതിക്ക് ഒരിക്കലും ഒരിടത്തും കവാടനിരോധമുണ്ടായിട്ടില്ല; ഉണ്ടാകുന്നതുമല്ല. അതിന്റെ ശക്തി അളവററതും അതിവിപുലവുമാണ്. ഒരിക്കൽ അതിനെ ശരിയായ മാർഗ്ഗത്തുകൂടെ ചരിപ്പിച്ചാൽ മതി, പിന്നെ അത് ഈ ബ്രഹ്മാവിഷ്ണുമഹേശ്വരൻ മുതലിറുമ്പുവരെയുള്ള സമസ്തങ്ങളിലും വ്യാപിച്ചു സകലതിനേയും പ്രേമാർദ്രതയോടെ തഴുകുമെന്നുമാത്രമല്ല പിന്നേയും നിരങ്കുശമായി പുരോഗമ

* പരിഭാഷ.

നം ചെയ്തു ശാശ്വതമായ ഈശ്വരസാക്ഷാൽക്കാരം സാധിക്കുകയും ചെയ്യും. പ്രാപഞ്ചികമായ ജീവാത്മാവിനെ മോക്ഷപദത്തിലെത്തിക്കുവാൻ ഇത്ര ഗതിവേഗമുള്ള ഒരു ദ്രോണി മറെറാന്നില്ല.

പ്രേമംകൊണ്ടു മനുഷ്യനു കാമക്രോധാദി ഷഡ്വൈരികളേയും എന്നുവേണ്ട, സകലത്തേയും ജയിച്ചു സകല ബുദ്ധിമുട്ടുകളേയും തരണം ചെയ്വാൻ സാധിക്കും. ഗോകുലബാലനായ ശ്രീകൃഷ്ണൻേറയോ, മായാദേവീസുതനായ ശ്രീബുദ്ധൻേറയോ പ്രേമം ഒന്നുകൊണ്ടുമാത്രം അവക്കു ലഭ്യമായിരുന്ന വിജയത്തിൻെറ ഒരു ശതമാനം ജയം വരിക്കുവാൻ ഇന്നത്തെ അതിപരിഷ്കൃതരീതിയിലുള്ള യുദ്ധസാമഗ്രികളെക്കൊണ്ടോ വിമാനങ്ങളെക്കൊണ്ടോ സാധിക്കയില്ല. വലിയ വലിയ പീരങ്കികളെ ഭയന്നു് ഒരുപക്ഷെ ജനതതി ശക്തിയേറിയ രാഷ്ട്രങ്ങൾക്കു കീഴടങ്ങി എന്നുവരാം; എന്നാൽ ആ കീഴ്വഴക്കവും ഒതുക്കവുമെല്ലാം താൽക്കാലികവും വെറും പുറംപൂച്ചും മാത്രമായിരിക്കും. ഹൃദയം പിന്നേയും അജയ്യമായിത്തന്നെയിരിക്കുന്നു. പ്രേമംകൊണ്ടു മാത്രമേ ആന്തരമായ വിജയം സിദ്ധിക്കുവാനും ശരിയായി കീഴ്വഴക്കത്തെ നിയന്ത്രിക്കുവാനും സാധിക്കുകയുള്ളു. ശ്രീബുദ്ധദേവൻ തൻെറ പ്രേമാതപത്രത്തിൻകീഴിലേക്കു ലോകത്തിലെ ഒരു വലിയഭാഗം ജനതതിയെ ആകർഷിച്ച കഥ ചരിത്രപ്രസിദ്ധമാണല്ലൊ. ഇപ്രകാരമുള്ള അനവധി ഉദാഹരണങ്ങൾ ചരിത്രങ്ങളിൽനിന്നും പുരാണങ്ങളിൽനിന്നും ഉദ്ധരിക്കാമെങ്കിലും മേൽ പറഞ്ഞ മഹാശയന്മാരുടെ ചരിത്രങ്ങൾ പ്രകൃതത്തിന്നു ധാരാളം തെളിവായിട്ടുണ്ടു്.

പ്രേമംകൊണ്ടു മനുഷ്യരെ മാത്രമല്ല 'നമ്മുടെ ഏ

ളിയ ബന്ധുക്കൾ’ എന്നു ബുദ്ധദേവൻ അഭിസംബോധനം ചെയ്തിട്ടുള്ള ചെറിയ പ്രാണികളേയുംകൂടി നമ്മുടെ വശത്തു വരുത്തുവാൻ സാധിക്കും. നമ്മുടെ വീട്ടുകളിൽ വളൎത്തുന്ന മൃഗങ്ങളുടെ കാൎയ്യംതന്നെ ഇക്കാൎയ്യത്തിനു മകുടോദാഹരണമാണ്. ക്രൂരങ്ങളായ വനമൃഗങ്ങൾകൂടി സ്നേഹത്തിൻെറ മുമ്പിൽ തല താഴ്ത്താതിരിക്കയില്ല. നമ്മുടെ പുരാണപ്രസിദ്ധന്മാരായ ഋഷീശ്വരന്മാരുടെ സ്ഥിതിതന്നെ നോക്കുക. അവർ “സൎപ്പസിംഹവ്യാഘ്രസൂകരസേവിതവും ഝില്ലീഝംകാരനാദമണ്ഡിതവുമായ” കൊടുങ്കാടുകളിലാണല്ലോ സസുഖം തപസ്സുചെയ്തു വാണിരുന്നത്. അവിടെയുള്ള ചില ക്രൂരമൃഗങ്ങളുടെ പേരു കേൾക്കുമ്പോൾതന്നെ സാധാരണ മനുഷ്യരുടെ മനസ്സിൽ ഒരു നടുക്കമുണ്ടാകും. എങ്കിലും ആ പുണ്യാത്മാക്കൾക്ക് അവയിൽനിന്നു യാതൊരു ശല്യവും ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല, അവ, അവരുടെ ആശ്രമോപാന്തങ്ങളെ തങ്ങളുടെ വിശ്രമതാവളങ്ങളാക്കി അവിടെ സമാധാനപരമായ ജീവിതം നയിച്ച് അടങ്ങിയൊതുങ്ങിയാണ് വസിച്ചിരുന്നതും. ഇതിൻെറ രഹസ്യമെന്ത്? പ്രേമം എന്ന ദ്വ്യക്ഷരശബ്ദത്തിൻെറ മാഹാത്മ്യം ഒന്നുതന്നെ.

അടുത്തകാലത്തു കാശിയിൽവെച്ചു സമാധിയടഞ്ഞ ത്രൈലിംഗസ്വാമിയുടെ ജീവിതത്തിൽനിന്നു പ്രേമത്തിൻെറ മാഹാത്മ്യത്തെ ഉദാഹരിക്കുവാൻ ഒരു സംഭവം ഉദ്ധരിക്കുന്നത് അസ്ഥാനത്തിലാകയില്ല. ഒരിക്കൽ ഒരു വ്യാധൻ ഒരു പുലിയെ നായാടിപ്പിടിക്കുവാനായി അതിൻെറ ഗതിയെ പിന്തുടൎന്നു. ചെന്നുചെന്നു അയാൾ ഒടുവിൽ സ്വാമിയിരിക്കുന്ന ആശ്രമത്തിൽ എത്തിച്ചേരുകയും അപ്പോൾ അവിടെ ആ പുലി, ഗ

ത്യന്തരമില്ലാതെ തൻെറ യജമാനൻെറ അടുക്കൽ രക്ഷ പ്രാപിക്കുന്ന ഒരു ഇണങ്ങിയ നായയെപ്പോലെ, അദ്ദേഹത്തിൻെറ സമീപം ഇരിക്കുന്നതും കണ്ടു. വ്യാധൻ ഇതു കണ്ട് ആശ്ചൎയ്യഭരിതനായി സ്വാമിയെ വന്ദിച്ച് ഈ അത്ഭുതസംഭവത്തിന്നുള്ള കാരണമെന്തെന്ന് അദ്ദേഹത്തോടു ചോദിച്ചു. സ്നേഹമല്ലാതെ മറെറാന്നുമല്ല, "സ്നേഹമാണഖിലസാരമൂഴിയിൽ" എന്ന് അദ്ദേഹം പറയുകയും ചെയ്തു.

അധികം വിദൂരമല്ലാത്ത കാലത്തു നടന്ന മറെറാരു സംഗതിയും പ്രേമോൽക്കൎഷത്തെ തെളിയിക്കുന്നതാണ്. ബോമ്പായ്സംസ്ഥാനത്തിലുള്ള 'ധാർവാർ' ഡിസ്ത്രിക്ടിൽ 'ഹുബ്ളി' എന്ന സ്ഥലത്തു 'സിദ്ധാരൂഢസ്വാമി' എന്ന ഒരു സന്യാസി വസിച്ചിരുന്നു. സൎക്കസ്സിൽ വിഖ്യാതനായ പ്രൊഫസർ 'ചിത്രതർ'എന്നയാൾ തൻെറ സൎക്കസ്സുംകൊണ്ടു ഹുബ്ളിയിൽ എത്തി. ഒരു ദിവസം എങ്ങിനേയൊ അദ്ദേഹത്തിൻെറ സൎക്കസ്സിലെ ഒരു പുലി അതിൻെറ കൂട്ടിൽനിന്നു പുറത്തുചാടി പൊയ്ക്കളഞ്ഞു. അതൊരു വിലയേറിയ മൃഗമായിരുന്നതിനാൽ അതിനെ പിടിക്കുന്നതിന്നു പ്രൊഫസർക്ക് അത്യാഗ്രഹമുണ്ടായിരുന്നു. കൂടാതെ അതിനെക്കൊണ്ടു നാട്ടുകാൎക്ക് ഉപദ്രവം തട്ടരുതെന്നും അദ്ദേഹത്തിന്നു വിചാരമുണ്ടായിരുന്നു. ഇതിന്നു യാതൊരുപായവും കാണാതായപ്പോൾ അദ്ദേഹം സ്വാമിയുടെ സന്നിധാനത്തിൽ ചെന്നു നമസ്കരിച്ചു തൻെറ സങ്കടം അദ്ദേഹത്തോടു പറഞ്ഞു. അയാളുടെ വേലക്കാരോടും പുലിക്കൂടോടുംകൂടി അടുത്തദിവസം രാവിലെ സമീപത്തുള്ള ഒരു കാട്ടിൽ ഹാജരായിക്കൊള്ളുവാൻ സ്വാമി ഉടനെ പ്രൊഫസരോ

ട്ടുപറഞ്ഞു; പ്രൊഫസർ സ്വാമിയുടെ കല്പന് അനുസരിച്ചു. പിറെറദിവസം അദ്ദേഹം സ്ഥലത്തെത്തിയപ്പോൾ താൻ അതുവരെ അന്വേഷിച്ചിട്ടുംകാണാതെയിരുന്ന ആ മൃഗം സ്വാമിയുടെ അടുക്കൽ നായയെപ്പോലെ നില്ക്കുന്നതു കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു. സ്വാമി അതിന്റെ പുറത്തു തലോടിക്കൊണ്ടുനിന്നിരുന്നു. പ്രൊഫസരും അനുചരന്മാരുംകൂടി പുലിക്കൂട് അവിടെ കൊണ്ടുവന്നപ്പോൾ സ്വാമി പ്രൊഫസരോടു പുലിയെ വിളിച്ചുകൊള്ളുവാനും അത് അനുസരിക്കാതിരിക്കയില്ലെന്നും പറഞ്ഞു. പ്രൊഫസർ വിളിച്ചതോടുകൂടി ആ വ്യാഘ്രം സാവധാനത്തിൽ കൂട്ടിനുള്ളിൽ കയറുകയും ഉടനെയാതൊരു ബുദ്ധിമുട്ടും കൂടാതെ അദ്ദേഹം അതിനെ കൂട്ടിലാക്കുകയും ചെയ്തു. ഈ സംഭവം പ്രൊഫസരെ പുളകിതഗാത്രനാക്കി. പ്രൊഫസർ ഒരു ആശ്രമം സ്വാമിക്കു പണിയിച്ചുകൊടുത്തു. ഈ ആശ്രമത്തിൽ സ്വാമി പുലിയുടെ അടുത്തു നിൽക്കുന്നതായ ഒരു ചിത്രവും ഉണ്ട്. കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമിതിരുവടികളുടെ ചരിത്രം അറിയാവുന്നവർക്ക് ഇതൊട്ടും അത്ഭുതമായിട്ടുള്ളതല്ല.

ധ്രുവന്റെ കഥയെടുത്തുനോക്കുക. എത്രയും ചെറിയ കുട്ടിയായിരിക്കുമ്പോൾതന്നെ അദ്ദേഹം നാടും വീടും അമ്മയച്ഛന്മാരേയും ഉപേക്ഷിച്ചു ശ്രീനാരായണന്റെ ചേവടിത്താർ തെളിഞ്ഞുകാണുവാനായി വനാന്തരത്തിലേക്കു സങ്കോചംകൂടാതെ പോകുന്നു. ഈശ്വരന്റെ സ്വരൂപധ്യാനവുംകൂടി വഴിയാംവണ്ണം മനസ്സിലുറച്ചിട്ടില്ലാത്ത ആ ബാലൻ കാട്ടിലിറങ്ങി തന്റെ അക്ഷികൾ ലക്ഷീഭവിച്ച തരുവൃന്ദങ്ങളേയും പുഷ്പസഞ്ചയങ്ങളേയും വനമൃഗങ്ങളേയും 'അങ്ങയാണോ എന്റെ ഉൾ

കമലത്തിൽ കുടികൊള്ളുന്ന ചക്രായുധൻ?” എന്നു ചോ ദിച്ച് ആലിംഗനം ചെയ്യുന്നു. എന്നാൽ ഇതുകൊണ്ടൊ ന്നും യാതൊരാപത്തും അദ്ദേഹത്തിന്ന് അണയുന്നില്ല. ആഗ്രസ്സുടത്തുള്ള ‘ശിഖേന്ദ്രത്തിലെ ചെന്നായ്ക്കുട്ടി’ എ ന്ന ബാലൻെറ കഥയും ഏതാണ്ടിതിനോടു സാമ്യം വ ഹിക്കുന്ന ഒന്നാണ്. ഈ കുട്ടിയെ ഒരു പിഞ്ചുകുഞ്ഞായി രിക്കുമ്പോൾതന്നെ ഒരു പെൺചെന്നായ യാദൃച്ഛിക മായി കണ്ടുമുട്ടി എടുത്തുകൊണ്ടുപോയി അതിൻെറ ഗു ഹയിൽ സ്വന്തം കുഞ്ഞിനെപ്പോലെ വളൎത്തി. പിൽ കാലങ്ങളിൽ ആ കുട്ടിയെ ചിലർ കാട്ടിൽ കണ്ടെത്തുക യും അനന്തരം ശിഖേന്ദ്രത്തിലെ അഗതിമന്ദിരത്തിൽ വളൎത്തപ്പെടുകയും ചെയ്തു. എന്തുകൊണ്ടാണ് ആ ക്രൂര ജന്തു ആ കുട്ടിയെ ഹനിക്കാതെ സ്വന്തം ശിശുവിനെ പ്പോലെ വളൎത്തിയത്? പ്രേമം ഒന്നുകൊണ്ടുതന്നെ. കു ട്ടിയിൽ ലീനമായിരുന്ന പ്രേമം ആ മൃഗത്തിൻെറ അ ന്തരംഗത്തിൽ ഒളിഞ്ഞുകിടന്നിരുന്ന പ്രേമത്തെ തട്ടിയു ണൎത്തുകയും അതിനെ പ്രവൃദ്ധമാക്കുകയും ചെയ്കയുകൊ ണ്ട് ആ വനമൃഗം മാതൃനിൎവ്വിശേഷമായ സ്നേഹത്തോ ടെ ആ ബാലനെ പോററിരക്ഷിച്ചു.

ചില സന്ദൎഭങ്ങളിൽ നാം അന്യരിൽ അൎപ്പിക്കുന്ന പ്രേമം പ്രതിഫലിക്കുന്നതായി കാണുന്നില്ല. ഇതിന്നു കാരണം നമ്മുടെ പ്രേമം പരിശുദ്ധമായതും തികഞ്ഞമായ തുമല്ലാത്തതുകൊണ്ടുതന്നെ. നമ്മുടെ പ്രേമം സ്വാൎത്ഥവും അപൂൎണ്ണവും ആകയാലാണ് ഫലപ്രാപ്തിയില്ലാതെ കാ ണുന്നത്. പ്രത്യുത നമ്മുടെ പ്രേമം പരിപൂൎണ്ണവും പരി ശുദ്ധവും സ്വാൎത്ഥരാഹിത്യത്തോടുകൂടിയതുമായി പരില സിക്കുമ്പോൾ നാം വിചാരിക്കാതെതന്നെ, പ്രയത്നി

ക്കാതെതന്നെ, അതിൻെറ പ്രതിഫലനമുണ്ടാകുന്നു. ഇതാണ് പ്രേമത്തിൻെറ പ്രതിഫലം. ഇതുതന്നെയാണ് പ്രേമത്തിൻെറ വിജയം. ചിലപ്പോൾ ചിലർ നമ്മെ ഉപദ്രവിച്ചേക്കുമെന്നു നാം ശങ്കിക്കാറുണ്ടല്ലോ. അതുകൊണ്ട് അവരെ സ്നേഹിപ്പാൻ നമുക്ക് മനസ്സുവരുന്നില്ല; നാം അവരെ ശത്രുക്കളായി കരുതുകയും ചെയ്യുന്നു. ഈ വിചാരംകൊണ്ട് അവരിൽനിന്നും നമ്മുടെ സ്നേഹം അകന്നുപോകുന്നു. ഇതുകാരണം നാം അവരെ എപ്പോഴും ആശങ്കയോടെ വീക്ഷിക്കുകയും അവരെ വെറുക്കുകയും ചെയ്യുന്നു. പരിപൂൎണ്ണവും പരിശുദ്ധവും അല്ലാത്തതും സ്വാൎത്ഥത്തോടുകൂടിയതുമായ സ്നേഹമേ നമുക്കുള്ളു എങ്കിൽ പ്രേമംകൊണ്ടു നമുക്കു സ്ഥായിയായ യാതൊരു ജയവും സുഖവും സിദ്ധിക്കുന്നതല്ല. പ്രേമത്തിൻെറ പരമകാഷ്ഠയിൽ ഒരുവൻെറ മനസ്സ് എത്തുന്നില്ലെങ്കിൽ, വിശുദ്ധപ്രേമത്താൽ ഒരുവൻെറ മനസ്സു ധവളീകൃതമാകുന്നില്ലെങ്കിൽ, ശത്രുത, വെറുപ്പ് എന്നീ ദുൎഗ്ഗുണങ്ങൾ അവൻെറ ഹൃദയത്തിൽനിന്നും ഒരിക്കലും മാഞ്ഞുപോകയില്ല. നമ്മുടെ പ്രേമത്തെ ശുദ്ധീകരിക്കുക, പൂൎണ്ണമാക്കുക, നിസ്സ്വാൎത്ഥമാക്കുക അപ്പോൾ നമ്മുടെ ആശങ്കയ്ക്കും വെറുപ്പിന്നും പാത്രമായി വൎത്തിച്ചിരുന്ന വസ്തുക്കൾ തീരെ ആപൽക്കരങ്ങളല്ലാത്തവയും ഭയപ്പെടാനില്ലാത്തവയുമായി അനവരതം അനുഭവപ്പെടും. പ്രേമത്തിൻെറ — നിസ്സ്വാൎത്ഥപ്രേമത്തിൻെറ — യഥാൎത്ഥമായ മാഹാത്മ്യം അപ്പോൾ വെളിപ്പെടും, സുതരാം വിളങ്ങുകയും ചെയ്യും.

മുല്ലോത്ത് വി. നാരായണമേനോൻ.

# ഭക്തിലഹരി

൧

എല്ലാംബ്ബന്ധവുമാപ്പെട്ടും വിഷയസം-
ഗത്താ,ലതില്ലാശ്ശയാം
മല്ലാരേ! നിജമുക്തി, സക്തികളയാൻ
ഭക്തിക്കുതാൻ വൈഭവം
ചൊല്ലാം സാധുസമാഗമത്തിലുളവാം
സത്ഭക്തിയെന്നാം മറ-
ച്ചൊല്ലാം;സ്സജ്ജനസംഗമം തിരുമന-
സ്സുണ്ടാകിലുണ്ടാമുടൻ. ൧

ചിത്തം, മായ, മശാക്ഷ,മാമഹമഹ-
ങ്കാരങ്ങളും, തന്മാത്രയോ-
ടൊത്തന്വന്നൊരു പഞ്ചഭൂതമിവയാൽ
ചുററപ്പെട്ടും ജീവനെ
ഇത്തരങ്ങളും മനസ്സിലാക്കിയറിവോൻ
മായയ്ക്കു കീഴാകയി-
ല്ലിത്തവ്വെങ്കലിതിന്നു ശക്തി പരചി-
ന്മൂത്തേ! വളത്തേണമേ. ൨

ജീവൻ മായ കളിച്ചിടും കളിയിലാ-
ടാറില്ല; തൽക്കേളിയിൽ
ഭാവം മാറി മയങ്ങിയെങ്കിലവനുംതൻ
പാട്ടിൽപെടും നിശ്ചയം
ഏവം വസ്തുത; ശ്രുപ്പദാബ്ജഭജന-
സ്വാതന്ത്ര്യമിങ്ങേകണം
കൈവല്യപ്രദ! മായയെപ്പറപറ-
പ്പിക്കാം ജയിക്കാമഹം. ൩

എല്ലാഭ്രാന്തിയുമുള്ളടക്കിയടിയൻ
യോഗാസനാരൂഢനായ്
മല്ലാരേ! ഗരുഡാധിരൂഢമമലം
ലക്ഷ്മീകരാലിംഗിതം
ഉല്ലാസപ്രദമാകുമായകമനീ-
യാംഗം മനസ്സിൽ സ്മരി-
ച്ചെല്ലാനേരവുമുൾക്കുളത്തിവിടെ വ-
ത്തിക്കാം പ്രസാദിക്കണം. ൪

നാമം, സ്തോത്രജപം, പുരാണനിര വാ-
യിപ്പിക്ക വായിക്കയെ-
ന്നീമട്ടിൽ കുളിരാർന്ന വാണൊഴുകിടും
സത്ഭക്തിയെക്കൈതൊഴാം
നീ മന്നിൽപ്പുകഴുന്ന മൃത്യുവിനെയും
വെല്ലുന്ന മുക്തിപ്രദേ!
ക്ഷേമം നല്കണമെന്നെ വിട്ടുപിരിയാ-
തൊന്നിച്ചിരുന്നിടണം. ൫

കഷ്ടം! കഷ്ടമനേകമാളുകളെ വാ-
പ്പിട്ടിൽ പിരട്ടിടുന്നം
കഷ്ടപ്പെട്ടൊരുപാടു നേടിയതുകൊ-
ണ്ടില്ലം പുലത്തിസ്സുഖം
ഇഷ്ടപ്രേയസിയെക്കിടാങ്ങളെയഹോ!
ലാളിച്ചുലാളിച്ചെഴും
ദുഷ്ടന്മാർ നരകത്തിലേക്കു വഴിയ-
ന്വേഷിച്ചു നില്ക്കുന്നവർ. ൬

തിക്കാരം, ചെറുതല്ലവക്കലകിലി-
ന്നെല്ലാവരും കീഴിലാ-
ണിക്കാര്യം ദൃഢമായുറച്ചു തെളിയും
തന്നെപ്പുകൾത്തും സദാ

ഉൾക്കാമ്പിൽബ്ഭയഭക്തിയററവരഹോ!
　　ശ്രീകൃഷ്ണ! കൃഷ്ണ! പ്രഭോ!
തൃക്കാലാശ്രയമെന്നെയാനിലയിലാ-
　　ക്കീടാതിരിക്കേണമേ. ൭

ജീവൻ മുജ്ജന്മകർമ്മം വഴിയരികിൽ വരും
　　വാസനാവൈഭവത്താൽ
ഭാവം മാറിപ്പുകച്ചിട്ടുടനൊരു ജനനീ-
　　ഗർഭപാത്രത്തിലെത്തും
ദൈവാൽ താൻചെയ്തതോക്കും ദുരിതമകലുവാ-
　　നാർത്തനായിട്ടലസ്സും
പാവം;ഹാ! യോനിനുഴും ധൃതിയിലവമറ-
　　ന്നിട്ടു വട്ടത്തിലാവും. ൮

പിന്നെബ്ബാല്യം കുഴക്കും പലതുമനുഭവി-
　　ച്ചോട്ടുതീരുമ്പൊഴെല്ലും
വന്നെത്തും യൌവ്വനം മത്തിളകിയവരഹോ!
　　ദുഷ്കൃതം ചെയ്തുകൂട്ടും
മന്നെന്നോ മുണ്ടുമന്നേവരെയവരലയും
　　ഹന്ത! ഞാനെന്തുവേണം
നിന്നെസ്സേവിച്ചിരിക്കാം ജനനമരണയ-
　　ന്ത്രത്തിലിട്ടാട്ടിടൊല്ലേ. ൯

ആക്കും പൈതൃകദൈവികം യജനമാ-
　　കർമ്മാനുരൂപം പദം
ചേർക്കും; പുണ്യമൊടുങ്ങുകിൽ പതനവും;
　　കാലാനുകൂലം ദൃഢം
പോകും ചെല്ലലുമററ നിർമ്മലപദ-
　　പ്രാപ്തിക്കു നിന്നെക്കുറി-
ച്ചാക്കനുണ്ടിനി ഞാൻ സദാപി സകല-
　　വ്യാപാരവും ചെയ്യുവൻ. ൧൦

സേവിപ്പോൎക്കഭയം വിളിച്ചുതരുമാ-
സ്സത്ഭക്തി സാധിച്ചിനി-
ജ്ജീവിച്ചീടണ;മിന്നു ദൂരെയെറിയാം
സംസാരഭാണ്ഡത്തെ ഞാൻ
ഹേ! വിശ്വേശ്വര! നിൻകളിപ്പുര ജഗ-
ത്തെന്നുള്ള തത്വം സദാ
ഭാവിച്ചുള്ളിളകാതെതന്നെയമരാം
തൃക്കണ്മിഴിച്ചാൽ മതി. ൧൧

നീലാംഭോദനികായനിൎമ്മലനിറൻ
നിത്യൻ നിലിമ്പാൎച്ചിതൻ
പാലാംഭോനിധി പൂതമാക്കിയ പുമാൻ
പൂമങ്ക പുല്കും പുരാൻ
കാലാകാലമദൃഷ്ടദൃഷ്ടമിവയാ-
ലുള്ളം കലുങ്ങാത്തവൻ
നാലാമ്നായമയൻ പരാൽപരനണ-
ഞ്ഞാലസ്യമാററീടണം. ൧൨

നടുവത്തു മഹൻനമ്പൂരി.

## ചരമം

“ശ്രീമത്തായഖിലാവനീതിലകമാ-
യീടുന്ന നാടായതിൽ
പ്രേമത്താൽ ജനരക്ഷ ചെയ്തു പുകൾകൊ-
ണ്ടേററം പ്രകാശിച്ചഹോ!
ഓമൽഭാരതഭൂമി നീതിയോടലം
പാലിച്ചിടും ശ്രീമതി
സാമോദം വിജയിക്കണം സുചിരമാ
വിഖ്യാതവിക്ടോറിയ.”

എന്നിങ്ങിനെയുള്ള പ്രാൎത്ഥനാശതങ്ങളാൽ വജ്രജൂബിലിയും കൊണ്ടാടുവാൻ ഭാഗ്യം സിദ്ധിച്ച ഗുണവതി വിക്ടോറിയാമഹാരാജ്ഞി തിരുമനസ്സിലെ പുത്രനും ഇന്ത്യാ ചക്രവൎത്തിയുമായിരുന്ന 'സമാധാനപാലകൻ' എഡ്വേർഡ് ചക്രവൎത്തിതിരുമനസ്സിലേയും അലക്സാണ്ഡ്രാ ചക്രവൎത്തിനി തിരുമനസ്സിലേയും പുത്രനായി വിശ്വവിശ്രുതനായ ജോർജ്ജ് ചക്രവൎത്തിതിരുമനസ്സുകൊണ്ട് ൧൮൬൫-ാംമാണ്ടു ജൂൺമാസം ൩-ാംനു തിരുവവതാരം ചെയ്തു. സാമാന്യവിദ്യാഭ്യാസത്തിന്നു ശേഷം തിരുമനസ്സിലെ വാസനയനുസരിച്ചു നാവികവിദ്യാഭ്യാസം ചെയ്യിക്കപ്പെട്ടു. പന്ത്രണ്ടു വയസ്സുമാത്രം പ്രായമായപ്പോൾത്തന്നെ തിരുമേനി നാവികസൈന്യത്തിൽ ഒരു ഉദ്യോഗസ്ഥനായി നിയമിതനായി. ൧൮൭൯-ൽ അദ്ദേഹം സഹോദരനൊന്നിച്ചു ലോകം മുഴുവനും ചുററിസ്സഞ്ചരിക്കുന്നതിന്നായി പുറപ്പെട്ടു. പല രാജ്യങ്ങൾ സന്ദൎശിക്കുകയും പലവിധ ഭരണസമ്പ്രദായങ്ങൾ കണ്ടു മനസ്സിലാക്കുകയും ചെയ്തു. പത്തുവൎഷം കഴിഞ്ഞതിൻെറ ശേഷം വീണ്ടും കപ്പൽസഞ്ചാരത്തിന്നു പുറപ്പെടുകയും പുത്രികാരാജ്യങ്ങളേയും കടലിന്നപ്പുറത്തുള്ള അധീനരാജ്യങ്ങളേയും സന്ദൎശിക്കയും ചെയ്തു. ൧൮൮൯-ൽ അദ്ദേഹം നാവികോപനായകനായും ൧൮൯൧-ൽ സേനാനായകനായും നിയമിക്കപ്പെട്ടു. ൧൮൯൨-ൽ അദ്ദേഹത്തിന്നു യോർക്കിലെ പ്രഭു എന്ന സ്ഥാനം നൽകപ്പെട്ടു. ൧൮൯൩-ൽ ക്യാപ്ടൻ എന്ന സ്ഥാനം ലഭിച്ചതോടുകൂടി അദ്ദേഹം കപ്പലുദ്യോഗം ഉപേക്ഷിച്ചു. തിരുമനസ്സിലെ ജ്യേഷ്ഠസഹോദരനും കിരീടാവകാശിയുമായ ആൽബർട്ട് രാജകുമാരൻ ൧൮൯൨-ൽ പരലോകം പ്രാപിച്ചതിനാൽ ജോർജ്ജ് രാജകുമാരൻ കിരീടാവകാശിയായി

ത്തിന്റെ വേയിൽസ് രാജകുമാരൻ എന്ന സ്ഥാനം പ്രാപിച്ചു.

തിരുമനസ്സുകൊണ്ടു ടക്കിലെ പ്രഭുവിന്റെ പുത്രിയും ഇപ്പോൾ നമ്മുടെ ചക്രവത്തിനിയുമായിരിക്കുന്ന മേരിരാജകുമാരിയെ ൧൮൯൩-ൽ വിവാഹം ചെയ്തു. തിരുമേനികൾക്ക് അഞ്ചു പുത്രന്മാരും ഒരു പുത്രിയുമാണുള്ളത്. ഇവരിൽ ജോൺരാജകുമാരൻ ചെറുപ്പത്തിലേ അന്തരിച്ചുപോയി. മൂത്ത കുമാരനായ എഡ്വേർഡാണ് ഇപ്പോഴത്തെ വേയിൽസ് രാജകുമാരൻ.

തിരുമനസ്സുകൊണ്ടു യുവരാജാവായിരിക്കുമ്പോൾ തന്നെ പത്നീസമേതം ഇന്ത്യാരാജ്യത്തെഴുന്നള്ളി പ്രധാനപട്ടണങ്ങളേയും മററും സന്ദശിച്ചു തനിക്ക് ഒരു കാലത്തു ഭരിക്കേണ്ടിവരുന്ന ഭാരതഭൂമിയെപ്പററി വേണ്ട അറിവുകളെല്ലാം സമ്പാദിച്ചു. തിരുമനസ്സിലേക്കു ഭാരതവഷത്തേയും ഭാരതീയരേയും പററി വളരെ നല്ല അഭിപ്രായമാണ് ഉള്ളതെന്ന് അവിടുന്നു ശീമയിൽ ചെന്നതിനു ശേഷം ചെയ്തു ചില പ്രസംഗങ്ങളിൽനിന്നറിയാവുന്നതാണ്. "ഭാരതീയരോടു സഹാനുഭാവപൂവ്വം വത്തിക്കുന്നപക്ഷം ഭാരതഭൂമീഭരണം എത്രയോ സുകരമായിരിക്കും" എന്നാണ് അവിടുന്ന് ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചത്.

൧൯൧൦ മേയിമാസം ൬-ാംനു- ഹാലിയുടെ ധൂമകേതു ഉദിച്ച സമയത്ത് എഡ്വേർഡ് സപ്തമനായ തിരുമനസ്സിലെ പിതാവു കാലധമ്മം പ്രാപിച്ചു. ചക്രവത്തിയുടെ ചരമംമൂലം തിരുമനസ്സുകൊണ്ടു ജോർജ്ജ് പഞ്ചമൻ എന്ന അഭിധാനത്തിൽ ഇംഗ്ലണ്ടിലെ മഹാരാജാവും ഇന്ത്യയിലെ ചക്രവത്തിയുമായിത്തീന്നു.

രാഷ്ട്രീയലോകത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു

പരിവത്തനത്തെ പുതിയ ചക്രവത്തിക്കു നേരിടേണ്ടിവ
ന്നു. അതു പ്രഭുസഭയും കോമൺസ് സഭയും തമ്മിലുള്ള
ഭരണസംബന്ധമായ മത്സരമായിരുന്നു. ൲൯൱൯.ലെ
ബഡ്ജററ് സമ്മേളനത്തോടുകൂടി അതു മൂദ്ധന്യദശയെ
പ്രാപിച്ചു. പക്ഷെ ചക്രവത്തിതിരുമനസ്സിലെ സിംഹാ
സനാരോഹണത്തോടുകൂടി ഈ മത്സരങ്ങളെല്ലാം ഏതാ
ണ്ടവസാനിച്ചു. പട്ടാഭിഷേകം കേമമായി ഘോഷിക്കേ
ണ്ട കാൎയ്യത്തിലായിരുന്നു രാജ്യവാസികളുടെ ശ്രദ്ധ മുഴു
വൻ പതിഞ്ഞിരുന്നത്. പിൽക്കാലത്ത് ഇംഗ്ലണ്ടിനെ
ക്കൂടി ആക്രമിച്ചു സ്വാധീനത്തിലാക്കാമെന്ന് അതിമോ
ഹംകൊണ്ടിരുന്ന ജൎമ്മൻ ചക്രവത്തികൂടി ഈ ആഘോ
ഷങ്ങളിൽ പങ്കുകൊണ്ടു എന്ന സംഗതി പ്രസ്താവ്യ
മത്രേ.

തിരുമനസ്സുകൊണ്ടു ഗ്രേററ് ബ്രിട്ടനിലെ രാജാവും
ഇന്ത്യാചക്രവത്തിയുമായത് ൲൯൱൰ മേയിമാസത്തിലാ
യിരുന്നു എങ്കിലും ഇന്ത്യാചക്രവത്തിയായി വിളംബരം
ചെയ്തു പട്ടാഭിഷേകം ചെയ്തത് ൲൯൱൧ ഡിസമ്പർ
൰൨-ാംനു-യാണ്. ഭാരതീയരുടെ നേരെ തിരുമനസ്സി
ലേക്കുള്ള കാരുണ്യാതിരേകത്താൽ അവിടുന്നുതന്നെ പ
ത്നീസമേതം എഴുന്നള്ളുകയാണ് ഉണ്ടായത്. ഇത് അ
ഭൂതപൂവ്വവും അത്ഭുതപൂവ്വവുമായ ഒരു സംഗതിയാണ
ല്ലോ. ൲൯൱൫-ൽ വൈസ്രോയിയായിരുന്ന കഴ്സൻ
പ്രഭുവിൻെറ ബംഗാൾവിഭജനം മൂലം സന്തപ്തരായിരു
ന്ന ഭാരതീയരുടെ ദുഃഖശാന്തിക്കായി അതുവരെ ഭാരത
വഷത്തിൻെറ തലസ്ഥാനമായിരുന്ന കല്ക്കത്തയെ മാ
ററി പുരാണപ്രസിദ്ധവും ചരിത്രപ്രസിദ്ധവുമായ ഡൽ
ഹിയെ തലസ്ഥാനമാക്കി. ഇതു പട്ടാഭിഷേകവരങ്ങ
ളിൽ ഏററവും പ്രാധാന്യത്തെ അൎഹിക്കുന്ന ഒന്നായി
രുന്നു.

തിരുമനസ്സിലെ ഭരണകാലത്തുണ്ടായ ഏററവും ക ഠോരമായ അത്യാഹിതം ലോകമഹായുദ്ധമായിരുന്നു. ഈ യുദ്ധത്തിൽ തിരുമനസ്സുകൊണ്ടു രാജ്ഞീസമേതം യുദ്ധരംഗത്തിലിറങ്ങി ഭടന്മാരെ സന്ദർശിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തുവന്നു. ഒരിക്കൽ അവിടുന്നു കുതിരപ്പുറത്തുനിന്നു വീണു മുറിയേററു. ഒന്നിലധികം പ്രാവശ്യം ശത്രുക്കളുടെ വെടിയുണ്ടയ്ക്കു് ഇരയാകുവാൻ ഭാവിച്ചു. പക്ഷെ രാജ്യരക്ഷയ്ക്കുവേണ്ടി തന്റെ നിരവധി പ്രജകളോടൊപ്പം തന്റെ ജീവനേയും ബലികഴിപ്പാൻ അവിടുന്നു സന്നദ്ധനായിരുന്നു. ഇന്ത്യക്കാർ ദ്രവ്യംകൊണ്ടും ആൾകൊണ്ടും വളരെ സഹായം ചെയ്തതുകൊണ്ടാണ് അവൎക്കു സ്വയംഭരണം നല്കാനുള്ളതിന്റെ ആദ്യപടിയായ ചില മാററങ്ങൾ ൧൯൧൯-ൽ വരുത്തിയത്. അക്കൊല്ലത്തിൽ സർ. എസ്. പി. സിന്നയെ ബ്രിട്ടീഷ് ഗവൎമ്മേണ്ടിലെ ഒരംഗമായി നിയമിച്ചു. ഇതിനു മുമ്പ് ഒരിന്ത്യക്കാരനും ഈ ബഹുമതി ലഭിച്ചിട്ടില്ല. അധികം താമസിയാതെ അദ്ദേഹത്തിന്നു പ്രഭുസഭയിൽ ഒരു സ്ഥാനം ലഭിക്കയും ചെയ്തു.

തിരുമനസ്സുകൊണ്ടു രാജ്യഭാരം കയ്യേററിട്ടു് ഇരുപത്തഞ്ചു സംവത്സരം കഴിഞ്ഞിരിക്കുന്നു. ഇതിനിടയ്ക്കു യൂറോപ്പിലും ഏഷ്യയിലും പല പരിവൎത്തനങ്ങളും ഉണ്ടായിട്ടുണ്ട്. ടൎക്കി, റഷ്യ, ആസ്ത്രിയ, പോർട്ടുഗൽ മുതലായ പല രാജ്യങ്ങളും ഏകച്ഛത്രാധിപത്യത്തെ കൈക്കൊണ്ടു. ഏഷ്യയിലെ ഏററവും പുരാതനവും വലിപ്പമുള്ളതുമായ ചൈനയിലും ൧൯൧൨-ൽ ജനസമുദായഭരണം നടപ്പായി. എന്നാൽ ഗ്രേയിററ്ബ്രിട്ടനിലെ നിവാസികൾ മാത്രം വളരെ പുരാതനത്വമുള്ള ഏകച്ഛത്രാധിപത്യത്തെത്തന്നെയാണ് മുറുകെ പിടിച്ചിരിക്കുന്നത്. ജന

സമുദായഭരണം നടപ്പാക്കേണ്ട ആവശ്യം അവക്കു നേരിട്ടിട്ടില്ല; ഇതിന്നെന്താണ് കാരണം?

ഇംഗ്ലണ്ടിലെ രാജാവിന്റെ ശക്തി പരിമിതമാണ്. അദ്ദേഹം മന്ത്രിമാരുടെ ഉപദേശപ്രകാരമാണ് കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ഈ മന്ത്രിമാർ കോമൺസ് സഭയിലെ പ്രബലപ്പെട്ട കക്ഷിയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരാണ്. കോമൺസിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു ജനങ്ങളുമാകുന്നു. ഇതിൽനിന്ന് ഇംഗ്ലണ്ട് രാജാവു ജനഹിതാനുസരണഭരണം നടത്തുന്ന ആളാണെന്നു വ്യക്തമാണല്ലൊ.

ഇംഗ്ലണ്ടിൽ ഏകാധിപത്യപക്ഷക്കാർ മാത്രമല്ല ഉള്ളത്. സ്ഥിതിസമത്വവാദികളും പ്രജാധിപത്യകക്ഷികളുമുണ്ട്. എന്നാൽ വിവിധരാഷ്ട്രീയകക്ഷികളും ജോർജ്ജ് ചക്രവർത്തിയുടെ ഗുണഗണങ്ങളെ ശ്ലാഘിക്കാതിരിക്കുന്നില്ല. തങ്ങളുടെ രാജ്യത്തിന്നു സ്വാതന്ത്ര്യം ലഭിക്കണമെന്നാഗ്രഹിക്കുന്ന ഭാരതീയർകൂടി അദ്ദേഹത്തെ പ്രത്യക്ഷദൈവം എന്നു കരുതിവരുന്നുണ്ട്.

തിരുമനസ്സിലെ പിതൃമാതാവായ വിക്ടോറിയാചക്രവർത്തിനി തിരുമനസ്സിലെ രത്നജൂബിലി ആഘോഷിച്ചിട്ടുണ്ട്. അതിന്നു ശേഷം ഏതെങ്കിലും ഒരു ജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യം ഈ ചക്രവർത്തിനീചക്രവർത്തിമാൎക്കാണ് ഉണ്ടായത്. ഈ മംഗളകർമ്മം സകല ബ്രിട്ടീഷ് രാജ്യങ്ങളിൽ മാത്രമല്ല നാട്ടുരാജ്യങ്ങളിൽകൂടി ആഘോഷപൂർവ്വം കൊണ്ടാടീട്ടുണ്ട്. പ്രജാവത്സലനായ കൊച്ചിമഹാരാജാവു ശ്രീരാമവർമ്മമൂലംതിരുനാൾ ജി. സി. ഐ. ഇ. തിരുമനസ്സുകൊണ്ട് ഈ ശുഭാവസരത്തിൽ തന്റെ രാജ്യത്തിൽ പലതും ചെയ്യിച്ചതിന്നു പുറമേ ഇതിന്റെ സ്മാരകമായി പ്രധാനപട്ടണങ്ങളായ

എറണാകുളത്തും തൃശ്ശിവപേരൂരും ഓരോ ടൌൺഹാൾ പണിയിക്കുവാനും വീടുംകുടിയുമില്ലാത്ത സാധുക്കൾക്കു വേണ്ടി ഒരായിരം വീടുകൾ പണിയിച്ചുകൊടുക്കാനും കല്പനയായിട്ടുള്ളതിൽനിന്നുതന്നെ മഹാരാജാവുതിരുമനസ്സിലെ പ്രജാവാത്സല്യവും ദീനാനുകമ്പയും പ്രത്യക്ഷമാകുന്നുണ്ടല്ലൊ.

. ചക്രവത്തിനീ ചക്രവത്തിമാർ അനേകസംവത്സരം ആയുരാരോഗ്യസമേതം രാജ്യപരിപാലനം ചെയ്തു രാജഭക്തന്മാരായ പ്രജകൾക്കു സ്വണ്ണജൂബിലിയും രത്നജൂബിലിയും ആഘോഷിക്കുവാൻ സംഗതി വരുത്തുന്നതിനു ലോകത്തുള്ള സകലരും അവരവരുടെ ഇഷ്ടദേവതകളെ ഹൃദയപൂവ്വം പ്രാത്ഥിച്ചുകൊണ്ടിരിക്കുന്ന സ്തോത്രാരവത്തിൻെറ പ്രതിദ്ധ്വനി ഒന്നു ശമിക്കുന്നതിനു മുമ്പു തിരുമനസ്സുകൊണ്ടു നിസ്സാരമായ നീർദ്ദോഷത്തിൻെറയും പനിയുടേയും പിടിയിലകപ്പെട്ടുപോയി. രാജവൈദ്യശ്രേഷ്ഠന്മാർ കൊണ്ടുപിടിച്ചു ചികിത്സയും ആരംഭിച്ചു. കൊണ്ടുപോകുവാൻ വന്ന ദീനം വേണ്ടെന്നുവെച്ചു പോകുമോ?

"മൃത്യുവശഗതനായ പുരുഷനു
സിദ്ധൌഷധങ്ങളുമേല്ക്കയില്ലേതുമേ"

എന്ന മഹദ്വചനം അക്ഷരംപ്രതി അന്വത്ഥമാക്കിത്തീക്കത്തക്കവണ്ണം രോഗം പ്രതികൂലഭാവം കാണിച്ചു.

"ഈ വന്ന വമ്പനി ശമിക്കുകയില്ല ജീവൻ പോവാനടുത്തു" എന്നു വിജ്ഞനും ദിവ്യനുമായ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചുറച്ചു തൻെറ അസാന്നിദ്ധ്യത്തിൽ രാജ്യകാര്യം നടത്തുന്നതിനു നിയമപ്രകാരം യോഗംകൂട്ടുകയും ആ യോഗനടപടികളിൽ തിരുമനസ്സിലെ താ

ങ്ങിയെഴുന്നേല്പിച്ചിരുത്തി കപ്പിട്ടുവിക്കുകയും ചെയ്തു. അധികം താമസമെന്യേ മഹാരാജ്ഞി വേയിൽസുരാജകുമാരൻ ഭിഷഗ്വരന്മാർ മന്ത്രിമാർ മുതലായവരുടെ സാന്നിദ്ധ്യത്തോടുകൂടി ജോർജ്ജ് പഞ്ചമൻ ചക്രവൎത്തിതിരുമനസ്സുകൊണ്ട് എഴുപത്തൊന്നാമത്തെ തിരുവയസ്സിൽ ൧൯൰൧ ജനുവരി ൨൨-ാംനു- പുലർകാലേ ൬-൩൦-നു "ഇങ്ങിനി വരാതവണ്ണം പോയാൻ തെക്കോട്ടയ്ക്കു്" എന്നിങ്ങിനെ അക്കക്കെട്ടിൽ പറവാനല്ലാതെ മറ്റേ സംഗതി പ്രസ്താവിപ്പാൻ തൽക്കാലം ഞങ്ങൾ ശക്തരാകുന്നില്ല.

എഡ്വേർഡ് എട്ടാമൻ എന്ന അഭിധാനത്തിൽ വേയിൽസുരാജകുമാരനായ എഡ്വേർഡ് പ്രിൻസർ ഇംഗ്ലണ്ടിലെ രാജാവും ഇന്ത്യയിലെ ചക്രവൎത്തിയുമായി ബ് ഭവിച്ചിരിക്കുന്ന സന്തോഷവൃത്താന്തത്താൽ മറ്റേ ദുഃഖവാൎത്തയ്ക്കു് ഏതാണ്ടു ശമനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതിനാൽ ഇദ്ദേഹം പിതാവിനേക്കാൾ ഒരുപടി അധികം കേറിനിന്ന് അനേകാണ്ടു പ്രജാപരിപാലനം ചെയ്തരുളുന്നതു കണ്ടുകൊണ്ടാനന്ദിപ്പാനുള്ള യോഗം ഈ ലക്ഷ്മീഭായിക്കുണ്ടാക്കിത്തരുന്നതിന്ന് ഉള്ളിൽക്കൊള്ളുന്ന ഭക്തിപൂൎവ്വം പരാശക്തിയെ പ്രാൎത്ഥിച്ചുകൊണ്ടു സമാശ്വസിച്ചുകൊള്ളുന്നു.

---

## യോഗിയുടെ പ്രീതി

---

൧

മണിമന്ദിരത്തിലെ മനോഹരമായ പുഷ്പവാടിക വസന്തത്തിലെ സുരഭിലകുസുമങ്ങളാൽ പ്രശോഭിതമായിരിക്കുന്നു. മദ്ധ്യസ്ഥിതമായ പൊയ്കയിൽ താമരപ്പൂക്കൾ

വസന്താനിലന്റെ പ്രവാഹത്താൽ ചാഞ്ചാടിക്കളിക്കുന്നു. പ്രഭുകുമാരിയായ നന്ദിനി തീരത്തുള്ള പുൽത്തകിടിയിൽ സായാഹ്നസമീരണന്റെ ശീതകരങ്ങളേററുകൊണ്ടും പക്ഷികളുടെ കൂജനങ്ങളാസ്വദിച്ചുകൊണ്ടും സ്ഥിതിചെയ്യുന്നു. അവളുടെ സുവർണ്ണകളേബരം അസ്തമനസൂര്യന്റെ ചെങ്കതിരുകളേററ് അത്യധികം മനോഹരമായിരിക്കുന്നു. അടുത്തുനില്ക്കുന്ന മാതളനാരകത്തിന്മേൽ ഇരുന്നിരുന്ന ഒരു ശാരികയെ കണ്ട് എനിക്കും ഒരു തത്തയാകുവാൻ സാധിച്ചെങ്കിൽ...........എന്ന് അവൾ ആത്മഗതം ചെയ്തു. അവളുടെ സഖിയായ മാലിനി അതു കേട്ടു മന്ദഹാസത്തോടെ ചോദിച്ചു. "സഖി! ഈ പറഞ്ഞതിന്റെ ഉദ്ദേശമെന്ത്?"

നന്ദിനി പൊയ്കയിൽതന്നെ ദൃഷ്ടി പതിപ്പിച്ചുകൊണ്ടു പറഞ്ഞു "എനിക്കും വൃക്ഷശാഖകൾതോറും പറന്നു നടന്നു സ്വതന്ത്രമായി വിഹരിക്കാമായിരുന്നു. എന്നാൽ എന്റെ ഗാനംകൊണ്ട് ഈ ഉദ്യാനം മുഴങ്ങും."

മാലിനി—"ഗിരിദുർഗ്ഗത്തിലെ പ്രഭ്വിക്കു പക്ഷികളുടെ ഗാനം കേട്ടുകൊണ്ടിരിക്കുവാൻ എപ്പോഴും സാധിക്കുമല്ലോ."

നന്ദിനി സങ്കോചത്തോടെ പറഞ്ഞു "സഖി! എനിക്കു ഗിരിദുർഗ്ഗത്തിലെ പ്രഭ്വീപദത്തിനു മോഹമില്ല. ഏതെങ്കിലും ഒരു മനോഹരമായ വിജനപ്രദേശമാണ് ഞാൻ ആഗ്രഹിക്കുന്നത്. സംഗീതവും വീണവായനയുംകൂടിയുണ്ടെങ്കിൽ ആ പ്രദേശം എനിക്കു സ്വർഗ്ഗസുഖത്തെ പ്രദാനം ചെയ്യുന്നതാണ്. സ്വരമാധുര്യത്തിൽ എന്റെ ഹൃദയം അത്രമാത്രം ലയിച്ചിരിക്കുന്നു." മാലിനി ഉത്തരം പറവാൻ തുനിയുമ്പോഴേക്കും പുറത്ത് ആരുടേയോ ഗാനം കേൾക്കാറായി. നന്ദിനി ഏകാഗ്രചി

ത്തയായി സ്വല്പനേരം കേട്ടുകൊണ്ടിരുന്നതിനു ശേഷം പറഞ്ഞു "സഖി! ഈ സ്വരം എന്റെ മനസ്സിനെ ആകർഷിക്കുന്നു. നീ പോയി ആ പാട്ടുകാരനെ ഇങ്ങോട്ടു വിളിച്ചുകൊണ്ടുവരു."

മാലിനി—"വാസ്തവംതന്നെ. ഹാ! ഇത്ര മനോഹരമായ ഗാനം ഇതിനുമുമ്പു ഞാൻ കേട്ടിട്ടില്ലെന്നുതന്നെ പറയാം. വാതിൽ തുറന്ന് ഇങ്ങോട്ടു വിളിക്കാം" എന്നു പറഞ്ഞ് അവൾ പോയി.

അടുത്ത നിമിഷത്തിൽ പാട്ടുകാരനോടുകൂടി മാലിനി വീണ്ടും പ്രവേശിച്ചു. സുന്ദരനും സുസ്മേരവദനനുമായ ആ യുവാവ് ഒരു കാഷായവസ്ത്രധാരിയായിരുന്നു. ചുമലിൽ ഒരു പുലിത്തോലും കയ്യിൽ ഒരു വീണയും ആ യുവയോഗിക്കു യോജിച്ച അലങ്കാരങ്ങളായിരുന്നു. ആയാൾ സുന്ദരികളായ ആ യുവതികളെ ആദരപൂർവ്വം വന്ദിച്ചിട്ട് ആ പുലിത്തോലിൽ തന്നെ ആസനസ്ഥനായി. നന്ദിനി സാശ്ചര്യം അദ്ദേഹത്തെ നോക്കിക്കൊണ്ടു. മാലിനി "സ്വാമി! അങ്ങയുടെ ആഗമനം ഞങ്ങളെ സന്തോഷിപ്പിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു പാട്ടു കേൾക്കുവാൻ സഖി ആഗ്രഹിക്കുന്നു."

യോഗി വണക്കത്തോടെ പറഞ്ഞു. "യോഗികളായ ഞങ്ങൾ ഭഗവദ്ഭജനം ചെയ്യുന്നു എന്നല്ലാതെ അങ്ങയെപ്പോലുള്ളവരുടെ മുമ്പിൽ പാടുവാൻ തക്ക യോഗ്യതയുള്ളവരല്ല. എങ്കിലും നിങ്ങൾ പറഞ്ഞതുകൊണ്ടു ഞാൻ ഒരു കീർത്തനം പാടാം" എന്നു പറഞ്ഞു യോഗി വീണ വായിച്ചുംകൊണ്ടു പാടുവാൻ തുടങ്ങി.

വീണയുടെ മധുരധ്വനിയും യോഗിയുടെ സ്വരവൈശിഷ്ട്യവും സമ്മേളിച്ചിട്ടുള്ള ഗാനം നന്ദിനിയെ പുളകിതഗാത്രയാക്കി. ആ ഗീതം അവളെ ആനന്ദലഹ

രിയിൽ മയക്കി. പൊയ്കയിലെ താമരകളും പക്ഷികളും
വൃക്ഷങ്ങളും യോഗിയോടൊപ്പം പാടുന്നതായി അവൾ
ക്കു തോന്നി. കർണ്ണാനന്ദകരമായ ഗാനത്തിൽ മുഴുകി വ
ളരെ നേരം അവൾ നിശ്ചേഷ്ടയായിരുന്നുപോയി.

൨

നന്ദിനി മണിമന്ദിരത്തിലെ ജയചന്ദ്രന്റെ ഏക
സന്താനമായിരുന്നു. സംഗീതപ്രിയനായ അദ്ദേഹം പ
ല ഭാഗവതർമാരേയും സൽക്കരിച്ചിരുത്തി അനവധി
സമ്മാനങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. വയോധികനായ
അദ്ദേഹത്തിന്റെ പാട്ട് ഇന്നും കർണ്ണപീയൂഷമായിരുന്നു.
പ്രഭുവിന്റെ ഈ സ്വഭാവം പിതൃസ്വത്തായി നന്ദിനി
ക്കും ലഭിച്ചിട്ടുണ്ട്. സുന്ദരഗാത്രിയായ അവളുടെ അംഗ
ലാവണ്യത്തെ വർണ്ണിക്കാത്തവർ ആ പ്രദേശത്തു വളരെ
ചുരുക്കമായിരുന്നു. മാതൃവിഹീനയായ ആ യുവതി ത
ന്റെ പ്രിയസഖിയായ മാലിനിയെ ആശ്രയിച്ചാണ്
ജീവിച്ചിരുന്നത്. ഗിരിദുർഗ്ഗത്തിലെ പ്രഭുവായ ചന്ദ്രസേ
നകുമാരന് അവളെ വിവാഹം ചെയ്തുകൊടുക്കുവാൻ ജ
യചന്ദ്രൻ ആഗ്രഹിച്ചിരുന്നു. കുടുംബങ്ങൾ രണ്ടും വള
രെ കീർത്തിപ്പെട്ടതായിരുന്നു. ചന്ദ്രസേനൻ അജ്മീരി
ലെ കോളേജിൽ ഒരു വിദ്യാർത്ഥിയായിരുന്നു. ആധുനിക
പരിഷ്കാരത്തിൽ ജീവിച്ചുവന്ന ആ യുവാവു വിവാഹ
ത്തിനുമുമ്പു പ്രഭുകുമാരിയുമായി ഒരു കൂടിക്കാഴ്ചയെങ്കിലും
നടത്താമെന്നാഗ്രഹിച്ചു. എന്നാൽ ധാർമ്മികനായ ജയ
ചന്ദ്രൻ പൂർവ്വാചാരത്തെ വെടിഞ്ഞു പ്രവർത്തിക്കുവാൻ സ
ന്നദ്ധനായിരുന്നില്ല.

നന്ദിനി ചന്ദ്രസേനന്റെ പരിഷ്കൃതജീവിതത്തെ
പ്പററി കേട്ടിരുന്നതിനാൽ ഈ ബന്ധം അവൾ ഒട്ടും ത
ന്നെ ആശിച്ചിരുന്നില്ല. എങ്കിലും പുത്രവത്സലനായ പി

താവിനെ അനുസരിക്കുവാൻ അവൾ തയ്യാറായിരുന്നു. അന്ന് ആ യുവയോഗിയുടെ ഗാനശ്രവണത്തിനു ശേഷം അവളുടെ ഹൃദയം അദ്ദേഹത്തിൽ പതിഞ്ഞിരുന്നു. താനറിയാതെതന്നെ ഹൃദയത്തിൽ അങ്കുരിച്ച ഈ പ്രേമലതയെ പറിച്ചുനീക്കാൻ അവൾ ശക്തയായില്ലെങ്കിലും പ്രിയസഖിയായ മാലിനിയോടുപോലും അവൾ ഈ കാര്യം പറവാൻ ധൈര്യപ്പെട്ടില്ല എന്നാൽ ബാല്യസഖിയായ മാലിനി ഏറെക്കുറെ ഊഹിച്ചു മനസ്സിലാക്കി. തന്റെ ഹൃദയം വീണ്ടും നിർമ്മലമാകുമെന്നു നന്ദിനി ആശിച്ചിരുന്നു എങ്കിലും അവളുടെ ആ വിചാരം തെററാണെന്ന് അവൾക്കുതന്നെ ബോധംവന്നു. ദിവസം ചെല്ലുന്തോറും ആ യുവയോഗിയുടെ സുന്ദരാംഗനം അവളുടെ ഹൃദയദർപ്പണത്തിൽ അധികമധികം പ്രതിബിംബിക്കുന്നതായി അവൾക്കു തോന്നി. ആ ഗാനം എല്ലായ്പ്പോഴും അവളുടെ കർണ്ണങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു അവൾ നിത്യവും സുഖസ്വപ്നത്തിൽ മുഴുകി ദിവസം കഴിച്ചുകൂട്ടിവന്നു ചിലപ്പോൾ അവളുടെ വിചാരം മറെറാരുവിധത്തിലായിരിക്കും "എനിക്കെന്തുപററി! ഞാൻ ഒരു ഹിന്ദുയുവതിയല്ലേ? അച്ഛനും അമ്മയും ഏല്പിച്ചുകൊടുക്കുന്ന പുരുഷനെ ശുശ്രൂഷിക്കേണ്ടതും സ്നേഹിക്കേണ്ടതും എന്റെ ചുമതലയാണ്. അന്യപുരുഷസ്മരണതന്നെ എനിക്കു പാപമുണ്ടാക്കും" എന്നു തന്നെത്താൻ നിന്ദിക്കും. എന്നാൽ ഉടനെതന്നെ "ഹാ! ഞാൻ ഈ വ്രണപ്പെട്ട ഹൃദയവുംകൊണ്ടുചെന്നിട്ട് എങ്ങിനെ എന്റെ ഭർത്താവിന്റെ മുഖത്തു നോക്കും. ഞാൻ കർണ്ണകഠോരങ്ങളായ അദ്ദേഹത്തിന്റെ വാക്കുകൾ എങ്ങിനെ ശ്രവിക്കും? എനിക്ക് ഇരുമ്പുലക്കയേക്കാൾ കഠിനമായിതോന്നുന്ന കൈകൾ അദ്ദേഹം എന്റെ ഗളത്തി

ലപ്പിക്കും. നാഥാ! അങ്ങ് എൻെറ ഹൃദയത്തിൽനിന്നു ബഹിഷ്ക്കരിച്ചാലും. ഇത് അങ്ങേയ്ക്കു യോജിച്ചതല്ല. എനിക്കു സാധിക്കുമെങ്കിൽ ഹാ! ഞാൻ അങ്ങയെ എൻെറ ഹൃദയപീഠത്തിലിരുത്തി പൂജിക്കുമായിരുന്നു. എന്നാൽ ധർമ്മാചാരങ്ങളാൽ ബന്ധിക്കപ്പെട്ട ഈ അബലയ്ക്ക് എന്തുചെയ്യാൻ കഴിയും?" എന്നിപ്രകാരം നിരാശപ്പെട്ടു കണ്ണുനീർ പൊഴിക്കും.

ഇങ്ങിനെ ചിന്താകല്ലോലശതങ്ങളിൽ മുങ്ങിയും പൊങ്ങിയും മാസം ഒന്നു കഴിഞ്ഞു. വിവാഹദിവസം അടുത്തടുത്തു വരുന്തോറും ആ മുന്നാളുകുസുമം വാടിവന്നു. ചിന്താധീനയായ അവൾ വിരഹവേദനയാൽ ചിലപ്പോൾ തപ്തഹൃദയയായിട്ട് ആ സരസ്സിൽ ചാടി പ്രാണത്യാഗം ചെയ്യുവാൻ ആഗ്രഹിക്കും. എന്നാൽ തൽക്ഷണംതന്നെ പിതാവിൻെറ വാത്സല്യത്തെ ഓർത്തു "ഞാൻ എൻെറ ജീവനെ കളഞ്ഞ് അദ്ദേഹത്തിൻെറ ജന്മം പാഴിലാക്കുകയില്ല. എൻെറ ഹൃദയം വെന്തുനീറട്ടെ. എന്നിരുന്നാലും അതിൻെറ പുകപോലും അച്ഛനെ തപിപ്പിക്കുവാൻ ഞാൻ അനുവദിക്കുകയില്ല"എന്നു വിചാരിച്ചു സമാധാനിക്കും. എത്രതന്നെ പരിശ്രമിച്ചിട്ടും അവളുടെ ഹൃദയം ആ യുവയോഗിയിൽതന്നെ ദൃഢമായിരിക്കുന്നതായി അവൾ കണ്ടു. സംഗീതമദ്ധ്യത്തിൽ ജീവിച്ചുവന്ന അവളെ ആ യോഗിയുടെ കർണ്ണാനന്ദകരമായ പാട്ടു വശീകരിച്ചതിൽ ആശ്ചര്യപ്പെടുവാനില്ല. ജീവിതത്തിലെ ആ വസന്തസമയത്തു ദിവ്യമായ അനുരാഗദീപം ജ്വലിച്ചതിൽ അത്ഭുതപ്പെടുവാനവകാശമുണ്ടോ? ആ യുവയോഗിയുടെ ചിത്തവും ചഞ്ചലമായിട്ടില്ലെന്ന് ആരു കണ്ടു?

൩

വിവാഹം കെങ്കേമമായി കഴിഞ്ഞു. ആ ദമ്പതികൾ ഗിരിദുർഗ്ഗത്തിലേക്കു പോകുവാൻ യാത്രയൊരുങ്ങി. ജയചന്ദ്രൻ പുത്രിയെ വളരെ ദുഃഖത്തോടുകൂടി ആശിർവ്വദിച്ചു യാത്രയാക്കി. മാലിനിയെ വിട്ടുപിരിയുന്നതോർത്തപ്പോൾ നന്ദിനി പൊട്ടിക്കരഞ്ഞു. മാലിനിയും പലവിധസാന്ത്വനങ്ങളാൽ അവളെ സമാശ്വസിപ്പിച്ചശേഷം ദമ്പതിമാരെ പടിവരെ അനുഗമിച്ചു.

ഗിരിദുർഗ്ഗത്തിൽ പരിമളം പൊഴിയുന്ന കേതകിപ്പുഷ്പംപോലെ നന്ദിനി ശോഭിച്ചു. നന്ദിനി താമസിക്കുന്ന ഭവനം വളരെ മനോഹരവും വിചിത്രവസ്തുക്കളാൽ അലംകൃതവുമായിരുന്നു. അനേകം വിദഗ്ദ്ധന്മാരായ ശില്പികളുടെ കർമ്മകൌശല്യം അതിന്റെ ഭിത്തികളിൽ പ്രതിഫലിച്ചിരുന്നു. എന്നാൽ അവൾക്കിതൊന്നുംതന്നെ നയനാനന്ദകരമായി തോന്നിയിരുന്നില്ല. ചന്ദ്രസേനനാകട്ടെ ഉന്മത്തനായ ഭ്രമരത്തെപ്പോലെ ഈ കുസുമത്തിൽ വിഹരിക്കുവാൻ ഉൽസുകനായിത്തീൎന്നു. അദ്ദേഹത്തിനു മറെറാരു ചിന്തയുമില്ലെന്നായി. നന്ദിനിയെ സന്തോഷിപ്പിക്കുവാൻവേണ്ടി അദ്ദേഹം തന്റെ ജീവനെക്കൂടി ബലികഴിക്കുവാൻ തയ്യാറായിരുന്നു. അവളുടെ മുഖേന്ദു അദ്ദേഹത്തിന്റെ ഹൃദയത്തിൽ സദാ വിളങ്ങിക്കൊണ്ടിരുന്നു. എന്നാൽ അതിലെ കളങ്കത്തെ അദ്ദേഹം ദർശിച്ചുവോ എന്നു സംശയമാണ്.

പ്രേമദീപം ഹൃദയാന്തർഭാഗത്തു ശോഭയോടെ പ്രകാശിക്കുന്നതാണ്. ദൃഢാനുരാഗിയായ കുമാരന്റെ വ്യവഹാരങ്ങൾ നന്ദിനിയുടെ മനസ്സിനേയും ആകർഷിക്കാതിരുന്നില്ല. അവൾ തന്റെ സ്ഥിതിയോർത്തു സ്വയം ലജ്ജിതയായി. രാജാവിന്റെ അനുരാഗപൂർണ്ണമായ ഹൃ

ദയത്തെ സന്തോഷിപ്പിക്കുവാനായി അവൾക്കും കൃത്രിമമായ പ്രേമം അഭിനയിക്കേണ്ടിവന്നു. ഈ പ്രവൃത്തി അവളെ അത്യധികം പീഡിപ്പിച്ചിരുന്നെങ്കിലും ചന്ദ്രസേനനെ സന്തോഷിപ്പിക്കുവാൻ പൎയ്യാപ്തങ്ങളായിരുന്നു. അദ്ദേഹത്തിന്റെകൂടെ ഉദ്യാനത്തിൽപോയിരുന്നു സല്ലപിക്കുവാനും അവൾ തയ്യാറായിരുന്നു. ചിലപ്പോൾ അവൾ പൂമാല കെട്ടി അദ്ദേഹത്തിന്റെ കഴുത്തിലണിയിച്ചു ശൃംഗാരപൂൎണ്ണങ്ങളായ വാക്കുകളാൽ അദ്ദേഹത്തെ സന്തോഷിപ്പിക്കും. ചിലദിവസങ്ങളിൽ പ്രണയകലഹവും ഉണ്ടാകാറില്ലെന്നില്ല. ഇപ്രകാരം സുസ്മിതവദനയായി അവൾ ചന്ദ്രസേനന്റെ മുമ്പിൽ ശോഭിച്ചിരുന്നെങ്കിലും ഏകാകിനിയായിരിക്കുന്ന സന്ദൎഭത്തിൽ അവളുടെ ചഞ്ചലചിത്തം പഴയ വിചാരങ്ങളിൽ ലയിച്ചിരുന്നിരുന്നു. ആ യുവയോഗിയുടെ സുന്ദരാനനം ഒരു നിമിഷനേരംപോലും വിസ്മരിക്കുവാൻ അവൾക്കു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കൎണ്ണാനന്ദകരമായ ആ ഗാനം വീണ്ടും വീണ്ടും വാനിൽ മുഴങ്ങുന്നതായി അവൾക്കു തോന്നി. ഇപ്രകാരം അവൾ സ്വപ്നസുഖം അനുഭവിച്ചും തന്റെ ദുൎഭാഗ്യത്തെ ശപിച്ചും ജീവിതം നയിച്ചു.

൪

ആറുമാസം കഴിഞ്ഞു. ഒരു ദിവസം ചന്ദ്രസേനൻ അവളെ തന്റെ ചിത്രശാലയിലേക്കു കൂട്ടിക്കൊണ്ടുപോയി. ചന്ദ്രസേനന്റെ ചിത്രരചനാപാടവം അതിശയിക്കത്തക്കതായിരുന്നു. ആ ചിത്രശാല പല വിഭാഗങ്ങളായി തിരിച്ചിരുന്നു. നാലു ഭാഗത്തും വിചിത്രപ്പണികളാൽ അലംകരിച്ചിട്ടുള്ള മനോഹരങ്ങളായ പടങ്ങൾ നന്ദിനിയെ സന്തോഷിപ്പിച്ചു. ഒരു ഭാഗത്തു പ്രതാപസിംഹൻ ശിവാജി മുതലായ ഇതിഹാസപാത്രങ്ങളാ

ണെങ്കിൽ മറെറാരു ഭാഗത്ത് ആനന്ദമൂർത്തിയായ രാമകൃഷ്ണപരമഹംസൻ ശ്രീവിവേകാനന്ദൻ മുതലായവരുടെ ചിത്രങ്ങളുണ്ടായിരുന്നു. ഒരു ഭാഗത്തു തുളസിദാസ് കബീർദാസ് മുതലായ മഹാത്മാക്കളുടെ ഛായകൾ വെച്ചിരുന്നെങ്കിൽ മറുഭാഗം ശ്രീവാല്മീകി വേദവ്യാസൻ കാളിദാസൻ മുതലായവരുടെ ചിത്രങ്ങളാൽ ശോഭിക്കപ്പെട്ടിരുന്നു. ശ്രീരാമൻ ശ്രീകൃഷ്ണൻ മുതലായ അവതാരപുരുഷന്മാരേയും വളരെ മനോഹരമായവിധത്തിൽ ചിത്രീകരിച്ചിരുന്നു. നന്ദിനിക്കു ചന്ദ്രസേനൻ ഇവയെല്ലാം കാണിച്ചുകൊടുത്തു. അങ്ങിനെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അവളുടെ ദൃഷ്ടി ഒരു ചെറിയ പടത്തിൽ പതിഞ്ഞു. തൽക്ഷണം അവളൊന്നു ഞെട്ടിപ്പോയി. അത് അവളുടെ ഹൃദയനാഥന്റെ ഛായയായിരുന്നു. ഒരിക്കൽകൂടി അതിന്റെ നേക്കു നോക്കുവാൻ അവൾ ധൈര്യപ്പെട്ടില്ല. ചന്ദ്രസേനന്റെ ചോദ്യം കേട്ടപ്പോളാണ് അവൾ ദിവാസ്വപ്നത്തിൽനിന്നുണർന്നത്. ചന്ദ്രസേനൻ മന്ദസ്മിതത്തോടെ ആ ഛായ ചൂണ്ടിക്കാണിച്ചുകൊണ്ടു ചോദിച്ചു. "ഈ യോഗിയെ ഭവതി എവിടെയെങ്കിലും കണ്ടിട്ടുണ്ടോ?"

ഈ ചോദ്യം നന്ദിനിയുടെ ഹൃദയത്തെ ഭേദിച്ചു. അവൾ വേടനെ കണ്ട മാൻപേടപോലെ പരിഭ്രമിച്ചു ഭിത്തിയിൽ നോക്കി എന്തു പറയേണ്ടുവെന്നറിയാതെ ക്ഷണനേരം നിന്ന ശേഷം ഒടുവിൽ പറഞ്ഞു:—

"ഞാൻ കണ്ടിട്ടുള്ളതുപോലെ മുഖഛായ തോന്നുന്നുണ്ട്."

ചന്ദ്രസേനൻ—എവിടെയാണ് കണ്ടിട്ടുള്ളത്?

നന്ദിനിയുടെ തല ചുററുവാൻ തുടങ്ങി. അവൾ പറഞ്ഞു. "ഒരു ദിവസം ഈ യോഗി പാടിക്കൊണ്ട് ഉ

ദ്ര്യാനസമീപത്തുകൂടി പോയപ്പോൾ മാലിനി അദ്ദേഹത്തെ വിളിച്ചിരുത്തി പാടിച്ചു."

ചന്ദ്രസേനൻ ഉൽസുകനായി വീണ്ടും ചോദിച്ചു. "പാട്ടു വളരെ നന്നായോ. കേൾക്കാൻ സുഖമുള്ളതാണോ?"

നന്ദിനി (പരിഭ്രമത്തോടെ) "കേൾക്കാൻ സുഖമുണ്ട്. അത്ര മോശമല്ലായിരുന്നു."

ചന്ദ്രസേനൻ—"ഏതു പാട്ടാണ് പാടിയത്?"

നന്ദിനി—(ഇടറിയ സ്വരത്തിൽ) "എനിക്കു നല്ല ഓർമ്മയില്ല."

ചന്ദ്രസേനൻ—ആ കീർത്തനം കുറച്ചു പാടിയ ശേഷം ചോദിച്ചു. "ഇതാണോ പാടിയത്?"

നന്ദിനിയുടെ ശരീരം വിറച്ചു. "അതെ എന്നു മന്ദമായി പറഞ്ഞ ശേഷം അങ്ങ് എങ്ങിനെയാണ് അറിഞ്ഞത്" എന്നവൾ അദ്ദേഹത്തോടു ചോദിച്ചു.

ചന്ദ്രസേനൻ—ആ യോഗി ഇവിടെയും വരാറുണ്ട്. ആ പാട്ട് എനിക്കു വളരെ ഇഷ്ടമുള്ളതാണ്. നിൻെറ അടുക്കൽ വന്ന് ഈ കീർത്തനം പാടിക്കേൾപ്പിച്ചു എന്ന് ആ യോഗിതന്നെയാണ് എന്നോടു പറഞ്ഞത്. വീണ്ടും ചെല്ലുവാൻ പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു.

നന്ദിനി (ക്രോധം അഭിനയിച്ചുകൊണ്ട്) ഇല്ലില്ല. അതു തെററാണ്. ഞാൻ ഒന്നുംതന്നെ പറഞ്ഞില്ല.

ചന്ദ്രസേനൻ—ഞാൻ അതപ്പോൾതന്നെ വിചാരിച്ചു. ഭാഗവതർമാർ അങ്ങിനെ പറയുക പതിവാണ്. പക്ഷെ അയാളുടെ പാട്ടു നന്നായിരുന്നു എന്നു നന്ദിനി തന്നെ പറഞ്ഞുവല്ലോ?

നന്ദിനി—"നല്ലതിനെ ആരും ദുഷിക്കയില്ല."

ചന്ദ്രസേനൻ—ഇനിയും പാട്ടു കേൾക്കണമെങ്കിൽ

ഞാൻ ആ യോഗിയെ വിളിക്കാം. അദ്ദേഹത്തിനു ഭവതിയോടു വലിയ പ്രീതിയുണ്ട്. ഭവതി ഇവിടെയുണ്ടെന്നു കേട്ടാൽ ഓടിവരും.

ഇനിയും അദ്ദേഹത്തെ കാണാമെന്നോ? നന്ദിനിയുടെ മുഖകമലം വികസിച്ചു. അനേക ദിവസങ്ങളായിട്ടു വളരെ പ്രയാസപ്പെട്ടടക്കിയിരുന്ന ആ ചിന്തകൾ അവളിൽ നൂതനമായി അങ്കുരിച്ചു. അവൾ സങ്കോചത്തോടെ പറഞ്ഞു. "വേണ്ട. ഇപ്പോൾ എനിക്കു പാട്ടു കേൾക്കാൻ ആഗ്രഹമില്ല. ഇനിയൊരിക്കലാവാം."

ചന്ദ്രസേനൻ—"അങ്ങിനെ പറഞ്ഞാൽ ഞാൻ സമ്മതിക്കയില്ല. ഞാൻ ക്ഷണത്തിൽ വിളിച്ചുകൊണ്ടുവരാം. എനിക്കു കേൾക്കണം."

ഇത്രയും പറഞ്ഞു ചന്ദ്രസേനൻ നന്ദിനിയുടെ മറുപടിക്കുപോലും താമസിക്കാതെ പുറത്തേക്കു പോയി. നന്ദിനിക്ക് അദ്ദേഹത്തെ തടയുവാൻ സാധിച്ചില്ല. വിവിധവികാരങ്ങളാൽ സ്തബ്ധയായി നിന്നിരുന്ന അവളെ കണ്ണാനന്ദകരമായ ഒരു ഗാനം പ്രബുദ്ധയാക്കി. ആ യുവയോഗിയുടെ മോഹനമൂർത്തിയും വീണാധരനായി അവളുടെ കൺമുമ്പിൽ പ്രത്യക്ഷീഭവിച്ചു. അവളുടെ ഹൃദയം തുടിച്ചു. ഏതോ ഒരു സ്വർഗ്ഗീയമായ സ്ഥലത്താണ് താൻ നില്ക്കുന്നതെന്ന് അവൾക്കു തോന്നി. അവൾ വീണ്ടും വീണ്ടും ആ യോഗിയെ സൂക്ഷിച്ചുനോക്കി. ഉത്തരക്ഷണത്തിൽ പ്രേമവിഹ്വലയായ അവൾ അശ്രുപൂർണ്ണമായ മുഖത്തോടുകൂടി ഭർത്താവിൻെറ ചരണപത്മങ്ങളിൽ വീണു ഗൽഗദസ്വരത്തിൽ പറഞ്ഞു. "പ്രിയതമാ!...."

ചന്ദ്രസേനൻെറ ആശ ഇന്നു സഫലമായി. അദ്ദേഹം അവളെ എഴുനേല്പിച്ചു സ്നേഹപൂർവ്വം ആശ്ലേഷിച്ചു. ഇന്നു രണ്ടുപേരുടേയും ആത്മാവു തമ്മിൽ യോജിച്ചു.

ചന്ദ്രസേനൻ—"ഇന്നു ഞാൻ ധന്യനായി. ഞാൻ ഈ സൂത്രമെടുത്തത് എന്തിനാണെന്നറിയാമൊ. നന്ദിനിക്കു പാട്ടിൽ വലിയ താൽപര്യമുണ്ടെന്നു ഞാൻ അറിഞ്ഞു. നന്ദിനിയെ ഒരു പ്രാവശ്യം സന്ദർശിച്ച് എൻെറ ഹൃദയത്തെ അർപ്പണം ചെയ്യുവാൻ എടുത്ത ഉപായമാണിത്. അതു ഫലിക്കയും ചെയ്തു."

നന്ദിനി സ്നേഹപൂർവ്വം വീക്ഷിച്ചിട്ടു പറഞ്ഞു. "അങ്ങ് എന്നെ വഞ്ചിച്ച് എൻെറ മനസ്സിനെ ചഞ്ചലമാക്കി. പക്ഷെ അങ്ങു യോഗിയുടെ വേഷത്തിൽ എൻെറ ഹൃദയം കവൎന്നെടുത്തു. എന്നാൽ പ്രഭുവിൻെറ സ്ഥാനത്തിരുന്നിട്ട് അങ്ങേക്ക് എന്നെ വശീകരിക്കുവാൻ കഴിഞ്ഞില്ല. അവിടുന്ന് ഇന്ന് എൻെറ പ്രാണപ്രിയനാണ്. ഇന്ന് എൻെറ ജീവിതം ധന്യമായി. ചിരപ്രാൎത്ഥിതമായ എൻെറ ആശ ഇന്നു സഫലവുമായി."

കെ. ശാരദാദേവി.

## മാതൃകാമാതാവ്

(തുടൎച്ച)

വസ്ത്രധാരണം—പുറമേനിന്നും അഴുക്കു, പൊടി മുതലായവ ദേഹത്തിൽ അടയാതെ സൂക്ഷിക്കുന്നതിനും ശരീരത്തെ ശരിയായ ചൂടോടുകൂടി സംരക്ഷിക്കുന്നതിനും വസ്ത്രധാരണം നമ്മെ സഹായിക്കുന്നു. നഗ്നത മറയ്ക്കുന്നതിനും ശീതോഷ്ണാവസ്ഥ വ്യത്യാസപ്പെടുന്ന സ്ഥലങ്ങളിൽ ദേഹത്തെ ഒരേ ചൂടിൽ സംരക്ഷിക്കുന്നതിനും, ദേഹത്തിൽ മുറിവു, ചതവു മുതലായവ എളുപ്പത്തിൽ പറ്റാതിരിക്കുന്നതിനും വസ്ത്രധാരണം നമുക്കുപകരിക്കുന്നു.

എല്ലാ ജന്തുക്കൾക്കും അവയുടെ ജന്മഭൂമിയിലെ ശീതോഷ്ണാവസ്ഥയ്ക്കനുരൂപമായ തോൽ, രോമം, തൂവൽ മുതലായവ പ്രകൃതിസിദ്ധമായിട്ടുണ്ട്. വിശേഷബുദ്ധിയുള്ള മനുഷ്യൻ മാത്രമാണ് വസ്ത്രധാരണംമൂലം നഗ്നത മറയ്ക്കുന്നത്. മററു ജന്തുക്കൾക്ക് അവയുടെ ജന്മഭൂമിവിട്ടുള്ള വ്യത്യസ്തമായ ശീതോഷ്ണസ്ഥിതിയിൽ ജീവിക്കാൻ എളുപ്പമല്ല. എന്നാൽ മനുഷ്യനു ശീതോഷ്ണാവസ്ഥയ്ക്കനുരൂപമായ വസ്ത്രധാരണമാററംകൊണ്ട് ഏതു ശീതോഷ്ണാവസ്ഥയിലും നിഷ്പ്രയാസം വാസം ചെയ്വാൻ സാധിക്കുന്നു. ശൈത്യബാധയുള്ള രാജ്യങ്ങളിൽ കട്ടിയും ഘനവുമുള്ള കമ്പിളിവസ്ത്രങ്ങൾ ആവശ്യമാണ്. ഉഷ്ണഭൂമിയിൽ നിവസിക്കുന്ന നമുക്കു വളരെ ലഘുവായ വസ്ത്രങ്ങൾ മാത്രമേ ആവശ്യമുള്ളു. പഞ്ഞികൊണ്ടും, പട്ടുനൂൽകൊണ്ടും നിർമ്മിക്കപ്പെട്ട വസ്ത്രമാണ് ഉത്തമം. ഇൻഡ്യയിൽ പഞ്ഞി ധാരാളം കൃഷിചെയ്തുണ്ടാക്കാവുന്നതാണ്. മുൻകാലങ്ങളിൽ ഇൻഡ്യയിൽ പ്രധാനകൈത്തൊഴിൽ നൂൽനൂൽപ്പും, നെയ്ത്തും ആയിരുന്നു. വളരെ വിശേഷപ്പെട്ട വസ്ത്രങ്ങൾ ഇൻഡ്യക്കാർ ഉണ്ടാക്കിവന്നിരുന്നു. എന്നാൽ ഇക്കാലത്ത് ആ വ്യവസായം തീരെ അധഃപതിച്ചുപോയെങ്കിലും ശ്രമിച്ചാൽ കാലക്രമേണ അഭിവൃദ്ധിപ്പെട്ടുവരുന്നതാണ്. കുടിൽവ്യവസായത്തിൽ പ്രധാനമായതും ദരിദ്രന്മാൎക്കും ധനികന്മാൎക്കും ഒരുപോലെ ചെയ്യാവുന്നതുമായ ഈ തൊഴിൽ നാം ഓരോരുത്തരും ശീലിക്കേണ്ടതാണ്. ഇതിനു നാം ഗൃഹജോലികൾ കഴിഞ്ഞു വെടിപറഞ്ഞു കഴിയുന്ന സമയം ധാരാളം മതിയാകും. കൃഷിക്കാൎക്കു കൃഷി കഴിഞ്ഞു കിട്ടുന്ന ദീൎഘമായ വിശ്രമാവസരങ്ങൾ ഈ പ്രയോജനകരമായ തൊഴിലിനു വിനിയോഗിക്കാമല്ലോ. ഉടുക്കാനും

ഉണ്ണാനും ഉണ്ടായിരുന്നാൽ നാട്ടിൽ ദാരിദ്ര്യബാധ ഉണ്ടാകുന്നതല്ല. ഇൻഡ്യ കൃഷിക്കും കൈത്തൊഴിലിന്നും ഏറ്റവും യോജിച്ച ഒരു രാജ്യമാണ്. ഇതിൽനിന്നു കിട്ടുന്ന മിച്ചംകൊണ്ടു നമുക്ക് അല്പാല്പമായ സമ്പാദ്യവും ഉണ്ടാകും. വസ്ത്രധാരണത്തിന് ആവശ്യമുള്ള ഉടുപ്പുകളും മററും തുന്നിയുണ്ടാക്കുന്നതിനു പെൺകുട്ടികൾ പ്രത്യേകം ശീലിക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ തയ്യൽ തുടങ്ങി ഉപയോഗപ്രദങ്ങളായ കലകൾ കുറെക്കൂടി ശ്രദ്ധാപൂർവ്വം പഠിപ്പിക്കുവാൻ ഗവർമ്മെണ്ടുകളും ശ്രദ്ധിക്കേണ്ടതാണ്. മഞ്ഞും മഴയുമുള്ള കാലങ്ങളിൽ ശരീരത്തിൽ തണുപ്പുതട്ടാതെ ഫ്ളാനൽ മുതലായ തുണികൾകൊണ്ടുണ്ടാക്കിയ ഉടുപ്പുകളാണ് ധരിക്കേണ്ടത്. ഫ്ളാനൽ കമ്പിളിത്തരങ്ങൾ മുതലായവ പഞ്ഞിനൂൽ കലർത്തി നെയ്ത തുണികൾ കുറഞ്ഞവിലയ്ക്കു കിട്ടുന്നുണ്ടെങ്കിലും അവ ശീതത്തെ തടുത്തു ദേഹത്തിൻെറ ചൂടു സംരക്ഷിക്കുന്നതിന് ഉപയുക്തമല്ല. രോമനിർമ്മിതങ്ങളും കമ്പിളിയും പട്ടും കലർത്തി നെയ്തിട്ടുള്ളവയുമാണ് നല്ലത്. നല്ല കമ്പിളിത്തരങ്ങൾ ചൂടുള്ളവയും ഘനം കുറഞ്ഞതും ബലമുള്ളവയും, അലക്കിയാൽ പെട്ടെന്നു വ്യത്യാസപ്പെടാത്തവയുമാകുന്നു.

വസ്ത്രധാരണം ചെയ്യുമ്പോൾ ചില അവയവങ്ങൾ മുറുക്കിക്കെട്ടുക നിമിത്തം രക്തസഞ്ചാരത്തിന്നു വിഘാതമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭാരം കൂടുതലുള്ള വസ്ത്രങ്ങൾ ധരിക്കുന്നതും നല്ലതല്ല. നനഞ്ഞ വസ്ത്രങ്ങൾ ഒരിക്കലും ധരിക്കരുത്. ചില വർണ്ണങ്ങൾ കലർന്ന തുണികൾ വിഷമയങ്ങളായിരിക്കും. വസ്ത്രങ്ങൾ ഉപയോഗിക്കാതെ അധികനാൾ വെച്ചിരുന്നാൽ അവ പൊടിഞ്ഞുപോകും. വസ്ത്രങ്ങൾ കൂടക്കൂ

ടെ വെയിൽ കൊള്ളിക്കണം. കമ്പിളിവസ്ത്രങ്ങൾ സൂക്ഷിക്കുന്ന പെട്ടിയിൽ കർപ്പൂരവും നല്ലമുളകും ഇട്ടിളക്കി വെച്ചിരുന്നാൽ അവ ദ്രവിക്കാതിരിക്കുന്നതാണ്. വസ്ത്രങ്ങളിൽ ഏതെങ്കിലും തുച്ഛമായ കീറൽ ഉണ്ടായാൽ അത് ഉടനെ തച്ചു ശരിയാക്കേണ്ടതാണ്. ഇത് എല്ലാം ഗൃഹനായികമാരും അവശ്യം അറിഞ്ഞിരിക്കേണ്ട ഒന്നാണ്. അഭിമാനസംരക്ഷണത്തിനും ശരിയായ വസ്ത്രധാരണം ആവശ്യമാണ്. മോടികൾ അനാവശ്യകങ്ങളുമാണ്. എന്നാൽ എപ്പോഴും വെടിപ്പായിരിക്കാൻ സൂക്ഷിക്കണം. മുഷിഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നത് ആരോഗ്യനാശത്തിനെന്നു മാത്രമല്ല അഭിമാനക്ഷയത്തിന്നും കാരണമായിത്തീരുന്നു.

വസ്ത്രം അലക്കുക—രാവിലേയും വൈകുന്നേരവും സ്നാനാനന്തരം ശുഭ്രവസ്ത്രം ധരിക്കേണ്ടതാണ്. വസ്ത്രങ്ങൾ നനയ്ക്കുന്നതിനു ഘനം കുറഞ്ഞ ജലമാണ് ഉത്തമം. ഇതിൽ സോപ്പ് എളുപ്പം പതയുന്നു.

കറകൾ—കാസ്സനികളുടെ കറകൾ നാരങ്ങാനീരു ചേർത്തു നനച്ചാൽ വേഗത്തിൽ നീങ്ങുന്നതാണ്. മഷി വീണ ഭാഗങ്ങളും അതുപോലെതന്നെ. വസ്ത്രം കഴുകിയാൽ അവയിലുള്ള സോപ്പു മുതലായവ പോയി ശുദ്ധമാകുന്നതുവരെ വെള്ളം മാററി നനയ്ക്കണം. കറകൾ ചൂടുള്ളവെള്ളത്തിൽ നനച്ചാൽ ഉറച്ചുപോകുമെന്നുള്ള സംഗതിയുംഓക്കണം. കമ്പിളികൾ കാഞ്ഞവെള്ളത്തിൽ നനയ്ക്കണം. പച്ചവെള്ളത്തിൽ നനച്ചാൽ അവ ചുരുങ്ങി പരുപരുത്തുപോകും. ഇത്തരം വസ്ത്രങ്ങളിൽ സോപ്പു തേയ്ക്കരുത്. ആദ്യമായി വസ്ത്രത്തിലുള്ള പൊടി പോക്കിയിട്ടു സോപ്പുകൊണ്ടു ചൂടുള്ളവെള്ളത്തിൽ പതയുണ്ടാക്കി അതിൽ വസ്ത്രം മുക്കി അഴുക്കു കളഞ്ഞിട്ടു വീണ്ടും വീണ്ടും

ചെറുചൂടുള്ള വെള്ളം പകൎന്നു നനച്ചു ശുചിയാക്കണം. കമ്പിളിവസ്ത്രങ്ങൾ പിരിച്ചു പിഴിയരുത്. അമൎത്തി വെള്ളം കളയണം. വളരെ അഴുക്കുള്ളവ രണ്ടോ മൂന്നോ പ്രാവശ്യം സോപ്പുപത മാററി മാററി മുക്കി ശുചിയാക്കേണ്ടതാണ്. കമ്പിളിവസ്ത്രങ്ങൾ എത്രയും വേഗം ഉണങ്ങുന്നുവോ അത്രയും നന്നായിരിക്കും. ഉണങ്ങിവരുമ്പോൾ കൂടക്കൂടെ ചുളുക്ക നീക്കേണ്ടതാണ്. പട്ടുശീലകൾക്കു ചെറുപയററിൻപൊടി ഉപയോഗിക്കാം. എന്നാൽ ലക്സ് എന്ന സാധനം ഉപയോഗിക്കുന്നതാണ് നല്ലത്. ഇതു മിതമായും ബുദ്ധിപൂൎവ്വമായും ഉപയോഗിച്ചാൽ വലിയ ചിലവു കൂടാതെ പട്ടുശീലകളും മററും അലക്കാവുന്നതാണ്. എന്നാൽ നാം ധരിക്കുന്ന വസ്ത്രങ്ങളിൽ പുറമേനിന്നുമുള്ള അഴുക്കുകൾ പററുന്നതുകൂടാതെ ദേഹത്തോടു ചേൎന്നുകിടക്കുന്ന വസ്ത്രങ്ങളിൽ ദേഹത്തുനിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ പററുന്നു. അതിനാൽ വസ്ത്രങ്ങൾ എപ്പോഴും വളരെ ശുചിയായി സൂക്ഷിക്കണം. ഓരോ കുളി കഴിയുമ്പോഴും നനച്ചു ശുചിയാക്കി ഉണക്കിയ വസ്ത്രങ്ങൾ മാറേണ്ടതാണ്. കുളി കഴിഞ്ഞു മലിനവസ്ത്രങ്ങൾ ധരിച്ചാൽ അതു വീണ്ടും ദേഹത്തെ മലിനമാക്കിത്തീൎക്കും. അതിനാൽ വസ്ത്രങ്ങൾ എപ്പോഴും അഴുക്കുകളഞ്ഞു സൂക്ഷിക്കണം.

വസ്ത്രം നനയ്ക്കുന്നതിനും കുളിക്കുന്നതിനും ഉപയോഗിക്കേണ്ട ജലം ശുചിത്വമുള്ളതും ഘനം കുറഞ്ഞതും ആയിരിക്കേണ്ടതാണ്. കെട്ടിനില്ക്കുന്നതും ദുഷിച്ചതുമായ കുളത്തിലെ ജലത്തിൽ കുളിച്ചാൽ പലമാതിരി രോഗങ്ങളുണ്ടാകുന്നതാണ്.

പരവൂർ എൻ. പൊന്നമ്മ.

# പുസ്തകാഭിപ്രായം

## ഭാഷാനൈഷധചംപൂ

(‘പ്രാംജ്ഞലി’ വ്യാഖ്യാനത്തോടുകൂടിയത്.)

മലയാളഭാഷയിൽ വൃത്താംകിരിത്തം ചമഞ്ഞ കൃതികളിൽ അപ്രധാനങ്ങളല്ലാത്തവയാണ് ആട്ടക്കഥകളും ചംപൂഗ്രന്ഥങ്ങളും. ആട്ടക്കഥകളിൽ സംഗീതമർമ്മജ്ഞന്മാർക്ക് രസിക്കാൻ ധാരാളം വകയുണ്ട്. അതിന്നു പുറമേ അവയിലെ വേഷങ്ങളുടെ ഭീഷണാകൃതികളും മേളതാളങ്ങളും അഭിനയചാതുരിയും നൃത്തവും കയ്യും കലാശവും പോരാട്ടവും മററും പണ്ഡിതപാമരന്മാർക്കും രസപ്രദമായിട്ടുള്ളതാകുന്നു. സർവ്വോപരി കൊട്ടാരങ്ങളിലേയും പ്രഭുക്കന്മാരുടേയും ഇടപ്രഭുക്കന്മാരുടേയും ജന്മികളുടേയും വകയായി കഥകളിയോഗം ഇന്നും നടന്നുവരുന്നുണ്ട്. ഇതിലധികം മെച്ചം മറെറന്താണ് കഥകളിക്കു വേണ്ടത്? എന്നാൽ ഭാഷാചംപൂക്കളുടെ കഥ പരിതാപകരമായിട്ടുള്ളതാണെന്ന് അതുകളെ താലോലിക്കാൻ ആളുകളില്ലാത്തതുകൊണ്ടും അവയുടെ നിത്യശത്രുക്കളായി സംസ്കൃതഭാഷാപ്രബന്ധങ്ങൾ ധാരാളം ഉണ്ടായതുകൊണ്ടും അറിയാവുന്നതാണല്ലോ.

തിരുമുമ്പാകെ നേരമ്പോക്കു പറവാനുള്ള ആളുകളെയാണ് ആദ്യകാലങ്ങളിൽ ചാക്യാന്മാർ എന്നു വിളിച്ചുവന്നിരുന്നത്. ഇപ്പോൾ ആ കഥയൊന്നു മാറി ചാക്യാരും നമ്പ്യാരും നങ്ങിയാരും നമ്പൂരിവംശത്തിൽ പെട്ടവരായി. അവർക്ക് ഉപജീവനമാർഗ്ഗമായി കൂത്ത് ഏർപ്പെടുത്തി. അമ്പലവാസികൾക്കു പാഠകം പറവാനുള്ള അനുവാദവും നമ്പൂരിമാർ അമ്പോടെ കല്പിച്ചുകൊടുത്തു.

ആഢ്യത്വം പൂരിപ്പിക്കാൻവേണ്ടി നമ്പൂരിമാർ കേ

രളം (കര + അളം) കീഴ്മേൽ മറിച്ചുകൊണ്ടിരിക്കുന്ന സംഗതി അവരുടെ പ്രവൃത്തികളിൽ കളിഞ്ഞും തെളിഞ്ഞുമിരിക്കുന്നതു കാണാം. എഴുത്തച്ഛൻപാട്ടുകൾ വായിക്കുന്നത് ആഭിജാത്യത്തിന്നു കുറവാണെന്ന് ആഢ്യന്മാരായ നമ്പൂരിമാർ പറയാറുണ്ടെങ്കിലും വെണ്മണിനമ്പൂരിപ്പാടന്മാർ കവികളായത് എഴുത്തച്ഛൻപാട്ടുകൾ വായിച്ചിട്ടാണെന്ന് അവർ സാഭിമാനം സമ്മതിച്ചിട്ടുണ്ട്. അത്രമാത്രമല്ല ആ ആചാര്യവര്യൻെറ ഭാഷാപ്രയോഗങ്ങളിൽ പലതും അവർ സ്വകപോലകല്പിതമെന്നപോലെ പ്രയോഗിച്ചിട്ടുമുണ്ട്. ഇങ്ങിനെയൊക്കെയാണെങ്കിലും നമ്പൂരിമാൎക്ക ഭാഷയോടുള്ള പുച്ഛം കുറേ കേമം തന്നെയാണ്. കൃഷ്ണഗാഥാകൎത്താവിനെ അരക്കവിയാക്കിയത് അതിന്നൊരു ദൃഷ്ടാന്തമാണല്ലൊ.

"ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതി ഭുവനതലേ
പ്രായേണ വൃത്തഹീന-
സ്സരാലോകേ നിരസ്തഗോപ്രസരഃ"

എന്ന് ഔദ്ധത്യം പ്രകടിപ്പിച്ച ഉദ്ദണ്ഡശാസ്ത്രി 'സംഭരിതഭൂരികൃപമംബ! ശുഭമംഗം' എന്ന സ്തോത്രമാരംഭിക്കുകയും ഉത്തരാൎദ്ധം തോന്നാതെ നിന്നനിലയിൽനിന്നു വേരോടുവാൻ തുടങ്ങുകയും ചെയ്തപ്പോൾ ആ സാധുവിനെ സഹായിച്ചത് ഒരു മാരാർ (നായർ) ആണ്. പയ്യൂർ പട്ടേരിമാൎക്ക വേദശാസ്ത്രങ്ങളിൽ സന്ദേഹം ജനിക്കുമ്പോൾ അവയെ തീൎത്തുകൊടുത്തിരുന്നതും ആ മാരാരായിരുന്നു. തൃശ്ശിവപേരൂർ വടക്കേമഠത്തിലെ ഓതിക്കോ ദ്വിജന്നു വേദത്തിൽ നേരിടുന്ന സംശയങ്ങളെല്ലാം തീൎത്തുകൊടുത്തിരുന്നത് അടുത്ത കാലത്തു കാലംചെയ്ത വിദ്വാനും യോഗിവൎയ്യനുമായ വിദ്വാൻ കോമരത്ത് അമ്മുണ്ണിമേനവനായിരുന്നു. ഇങ്ങിനെയൊക്കെയാണെന്നിരുന്നാലും നമ്പൂരിമാൎക്ക നായന്മാരോടും അവർ സം

സാരിക്കുന്ന മലയാളഭാഷയോടും ഇന്നുമുള്ള വൈരത്തിന്നൊരു അതിരുമില്ല. നമ്പൂരിമാർ മലയാളഭാഷയെ സംസ്കൃതീകരിക്കാൻ പതിനെട്ടടവും പയററിനോക്കീട്ടും അടിയറവു വരുത്താൻ കഴിഞ്ഞിട്ടില്ല. എന്നിട്ടെടുത്ത വിദ്യയായിരിക്കണം ഭാഷാചമ്പൂപ്രയോഗം. അതും തഥൈവ. നമ്പൂരിമാരോടു കിഴിഞ്ഞുനിന്നു കഴിഞ്ഞുകൂടുവാനല്ലാതെ പറഞ്ഞുനിന്ന് ഒഴിഞ്ഞുമാററാൻ ചാക്യാന്മാർ തുടങ്ങിയുള്ളവക്കു ശക്യമല്ലാത്തതിനാൽഅവരും മൂലകുടുംബക്കാരെ ആശ്രയിച്ച് അനുവൎത്തിക്കേണ്ടിവന്നു; പോരെങ്കിൽ മേൽപുത്തൂർ പട്ടേരിപ്പാടു ധാരാളം സംസ്കൃതപ്രബന്ധങ്ങൾ ഉണ്ടാക്കിത്തള്ളുകയും ചെയ്തു. സദുദ്ദേശത്തോടുകൂടാതെ നേരമ്പോക്കിൻെറ വട്ടമായി തട്ടിവിട്ടതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്ന ഭാഷാചമ്പൂക്കൾ അനന്യബന്ധുക്കളായിത്തീരുകയാൽ അവ ഗ്രന്ഥപ്പുരകളുടെ അടിയിൽ കിടന്ന് അരിഷ്ടിക്കേണ്ടിവന്നു. ആ ഇരുട്ടറയിൽനിന്നോ കാരാഗൃഹത്തിൽനിന്നോ മോചനം ലഭിക്കാൻ ഭാഗ്യംസിദ്ധിച്ച ഭാഷാചമ്പൂക്കളിൽ അപ്രധാനമല്ലാത്ത ഒന്നാണ് മഴമംഗലത്തുനമ്പൂരിയുടെ ഭാഷാനൈഷധചമ്പൂ.

സംസ്കൃതമലയാളഭാഷകളുമായി തെല്ലല്ല നല്ലൊരു കൂട്ടുകെട്ടില്ലാത്തവൎക്ക് ഈ ഗ്രന്ഥം കുറുക്കന് ആമയെ കിട്ടിയപോലെയൊ നായയ്ക്കു മുഴുത്തേങ്ങ ലഭിച്ചപോലെയൊ ആയിരിക്കുന്നതാണ്. ആ ന്യൂനതയെ പരിഹരിക്കുന്നതിന്നു ശ്രീമാൻ പാട്ടത്തിൽ പത്മനാഭമേനോൻ എം. എ., ബി. എൽ. അവർകൾ 'പ്രാഞ്ജലി' വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയതാണ് പ്രകൃതഗ്രന്ഥം.

"പദച്ഛേദഃ പദാൎത്ഥോക്തിൎവ്വിഗ്രഹോ വാക്യയോജനാ
ആക്ഷേപസ്യ സമാധാനം വ്യാഖ്യാനം പഞ്ചലക്ഷണം"

എന്ന രീതിയെയല്ല സംസ്കൃതവ്യാഖ്യാതാക്കന്മാ

രിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ശ്രീമല്ലിനാഥൻെറ രീതിയെയാണ് ഇദ്ദേഹം പ്രായേണ അനുകരിച്ചിരിക്കുന്നത്. കോശങ്ങളിലും വൃത്താലങ്കാരാദികളിലും ഇദ്ദേഹത്തിനുള്ള പരിചയം ഈ വ്യാഖ്യാനം വ്യക്തമാക്കുന്നുണ്ട്. ഇതിനെ അനുകരിക്കുന്നതിന്നു സാധാരണക്കാരെക്കൊണ്ടു സാധിക്കുന്നതല്ല. ചുരുക്കിപ്പറയുന്നതായാൽ പ്രൌഢഗംഭീരമായ ഈ വ്യാഖ്യാനം അല്പജ്ഞന്മാൎക്കും പ്രാജ്ഞന്മാൎക്കും സാരമായ പ്രയോജനം ഉണ്ടാക്കുന്നതല്ല. മദ്ധ്യവൎത്തികൾക്ക് ഇതൊരു ഉത്തമസുഹൃത്തായി വൎത്തിച്ചു ഹസ്താവലംബം നല്കുമെന്നുതന്നെയാണ് ഞങ്ങളുടെ ഉത്തമവിശ്വാസം. പഴിപറവാൻ ഔൽസുക്യമുള്ളവൎക്കുള്ള വഴി ഇതിൽ അടച്ചുകെട്ടീട്ടില്ല. "മാഘേ മേഘേ വയോഗതഃ" എന്നു മാത്രമേ മല്ലിനാഥൻ പറഞ്ഞിട്ടുള്ളു. ഇദ്ദേഹത്തിന്നാകട്ടെ ധനവ്യയവുംകൂടി ഉണ്ടായിട്ടുണ്ട്. വ്യാഖ്യാനം പൂൎത്തിയാക്കുന്നതിന്നു കാലദൈൎഘ്യം വന്നിട്ടുണ്ടെങ്കിൽ അത്രയധികം ഗുണവും ഇതിന്നു സിദ്ധിച്ചിട്ടുണ്ട്. ശ്രീകാളിദാസന് 'അഭിജ്ഞാനശാകുന്തളം' ഉണ്ടാക്കുന്നതിന്ന് ഇരുപതു സംവത്സരം വേണ്ടിവന്നതായി കേട്ടിട്ടുണ്ട്. ഇരുപതല്ല ഇരുന്നൂറുകൊല്ലം ആസ്വദിച്ചാലും അതിലെ പീയൂഷയൂഷം അവസാനിക്കുന്നതല്ലല്ലോ. കവിസാൎവ്വഭൌമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു മുപ്പത്താറു പരിവൃത്തി കാളിദാസകൃതികൾ ചിന്തിക്കുകയും ഓരോ ചിന്തനയിലും പുതുതായി ഓരോ സ്തോഭം ജനിക്കുകയും ചെയ്തിട്ടുണ്ടെന്ന് അവിടുന്നുതന്നെ അരുളിച്ചെയ്തിട്ടുണ്ട്. അതുകൊണ്ടു ഗ്രന്ഥനിൎമ്മാണകാലത്തിൻെറ ഹ്രസ്വദീൎഘങ്ങളല്ല അതിൻെറ ഗുണാഗുണങ്ങൾക്കടിസ്ഥാനമെന്നു പറയേണ്ടിയിരിക്കുന്നു. ഗീതയ്ക്കുകൂടി പാഠഭേദങ്ങളുള്ള സ്ഥിതിക്ക് ഇതിലങ്ങിനെ വന്നിട്ടുണ്ടെങ്കിൽ എന്താണത്ഭുതം? ഒ

നാമമത്ത ശ്ലോകത്തിൽ മൂന്നാംപാദത്തിൻെറ ആദ്യം 'ചെമ്പോൽത്താർ ബാണഡംഭ' എന്നതു 'ചെമ്പോൽത്താരമ്പഡംഭ' എന്നാണ് ഞങ്ങൾ കേട്ടിട്ടുള്ളത്. ഇങ്ങിനെ ചിലേടത്തു കാണുന്നതിലല്ല കാണാഞ്ഞാലാണ് വിസ്മയിക്കേണ്ടത്. "മൂന്നുവട്ടം പകത്തീടിൽ മൂഢ്ഢത്തം മൂത്രമാസ്ഥരം" എന്നാണ് പഴഞ്ചൊല്ല്. ഇലമോറി രണ്ടാമതു വെക്കുന്നതും ഉച്ഛിഷ്ടം വിളമ്പിക്കൊടുക്കുന്നതും വളരെ ചീത്തയാണ്. രണ്ടാം പതിപ്പിൽ ശപ്പുശിപ്പുകളെല്ലാം നീക്കി വ്യാഖ്യാനത്തിന്ന് ഇതിലും ഓജസ്സും ദാർഢ്യവും നൈമ്മല്യവും വ്യാഖ്യാതാവു വരുത്തുമെന്നു വിശ്വസിക്കുന്നു.

ആട്ടക്കഥ ചൊട്ടയിലേറി; സംസ്കൃതപ്രബന്ധങ്ങളെ തള്ളി ഭാഷാചമ്പൂക്കളെ കൊള്ളുന്നതായാൽ അവസ്ഥം ഗതിയായി. ഈ വെങ്കലഭാഷയിൽ മലയാളികൾ രസിക്കുമോ ആവോ?

കവിയുടെ കാലദേശപരദേവതാദികളെപ്പററി പറഞ്ഞിട്ടുള്ളതിനോടു ഞങ്ങൾ ഒട്ടുംതന്നെ യോജിക്കുന്നില്ല. "നവസങ്ഗ്ഗതേ മാഘേ നവശബ്ദോ ന വിദ്യതേ" എന്നു പറഞ്ഞതുപോലെ അനവരതം വാക്കു മാറിക്കൊണ്ടിരിക്കുന്ന ഉത്താനബുദ്ധികളായ ചില മഹാകവികൾ മലയാളത്തെ മാലിന്യപ്പെടുത്തുന്നതു മൂലം വിവരമില്ലാത്തവക്കൊരു വിഷാഹാരമായിത്തീന്നിരിക്കുന്നു. സ്ഥലവൈരള്ള്യം അനുവദിക്കാത്തതിനാൽ ആവക സംഗതികളെക്കുറിച്ച് അടുത്തൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം. വ്യാഖ്യാതാവിൻെറ വിഖ്യാതി കേരളവും കൈരളിയും ഉള്ള കാലംവരെ നിലനില്ക്കുന്നതാണ്. വില രണ്ടുറുപ്പിക. 'സനാതനധമ്മം' അച്ചുകൂടം, പെരുമാനൂർ, എറണാകുളം.

## പണം അടച്ചവരുടെ പേരും വരവു സംഖ്യയും

---

| | |
|---|---|
| ശ്രീമതി പാറക്കൽ ഗൌരിയമ്മ | 2 |
| ,, അമ്പാട്ടു കൊച്ചുകുട്ടിയമ്മ | 2 |
| ,, പിറാടത്ത് അമ്മുക്കുട്ടിയമ്മ | 2 |
| ,, വി. കെ. ചന്ദ്രമതിയമ്മ, കൊല്ലം | 2 |
| ,, കോയിപ്പിള്ളി പാർവ്വതിയമ്മ എം. എ. | 4 |
| ,, കുണ്ടനാട്ട് അമ്മുഅമ്മ, കുന്നുകുഴി | 2 |
| ,, ഹെഡ്മിസ്ട്രസ്സ്, എസ്. എച്ച്. ഗാൎസ്ഹൈസ്കൂൾ | 2 |
| ,, പുത്തേഴത്ത് അമ്മുക്കുട്ടിയമ്മ | 2 |
| ,, ഈച്ചരത്തു തങ്കമ്മാൾ, ഗുരുവായൂർ | 4 |
| ,, ഇടയാട്ടിൽ ജാനകിയമ്മ, പറവൂർ | 2 |
| ,, അറക്കൽ കൊച്ചുകുട്ടിയമ്മ | 2 |
| ,, കാർത്ത്യായിനിയമ്മ, തട്ടേക്കാട്ടുവീട് | 2 |
| ,, എൽ. ഭാഗീരഥിയമ്മ, മുല്ലയ്ക്കൽ | 2 |
| മിസിസ് പി. രാമൻപിള്ള, വൈക്കം | 2 |
| ,, വി. ജി. അച്ചൻ, ചേന്നമംഗലം | 2 |
| ,, പി. എർ. നായർ, അഞ്ചുകല്ലുംമൂട്ടബംഗ്ലാവ് | 2 |
| ,, ഒ. കമാരമേനോൻ, ഉണ്ണിക്കണ്ടത്ത് | 2 |
| ,, ശ്രീധരൻനായർ, കൊല്ലം | 2 |
| ,, കെ. പി. രാമൻപിള്ള, പാട്ടുകോട്ടയിൽവീട് | 2 |
| ,, കെ. പരമേശ്വരൻപിള്ള, വഴുതക്കാട് | 4 |
| ,, പി. ജി. നാരായണൻഉണ്ണിത്താൻ ബി എ, ബി എൽ | 2 |
| ,, കെ. പി. പത്മനാഭപിള്ള, വഴുതക്കാട് | 2 |
| ,, കുഞ്ഞൻപിള്ള, പാക്ക്‌വ്യൂ | 2 |
| ,, കല്ലുവീട്ടിൽ ഗോവിന്ദപ്പിള്ള | 2 |
| ,, സി. രാമൻതമ്പി, പട്ടം | 2 |
| ,, വി. കെ. തമ്പി, ബീച്ച്ബംഗ്ലാവ് | 5 |
| ,, ചെല്ലമ്മ കൊച്ചുണ്ണിപ്പിള്ള, ശാസ്തമംഗലം | 2 |
| ,, ജനാർദ്ദനൻപിള്ള, തമ്പാനൂർ | 2 |
| കൊച്ചിമഹാരാജാവ് ജി. സി. ഐ. ഇ. തിരുമനസ്സുകൊണ്ട് | 2 |
| മ. രാ. രാ. കെ. മാധവൻനായർ ബി എ, ബി എൽ അവർകൾ | 2 |
| ,, കൊച്ചി ദിവാൻപേഷ്കാർ | 2 |
| ,, മള്ളൂർ കെ. ഗോവിന്ദപ്പിള്ള ബി. എ., ബി. എൽ. | 2 |
| ,, കെ. പി. രാമമേനോൻ ബി. എ., ബി. എൽ. | 2 |
| ,, ഡോക്ടർ കെ. രാമൻതമ്പി ബി എ., എം ഡി | 2 |
| ,, കെ. നാരായണൻപണ്ടാല ബി. എ, ബി. എൽ. | 2 |

# പണം അടച്ചവരുടെ പേരും വരവു സംഖ്യയും

| | | |
|---|---|---|
| മ. രാ രാ. | രാജാ സർ. വാസുദേവരാജാ സി. ഐ. ഇ. അവർകൾ | 2 |
| ,, | അമ്പാട്ട കുട്ടികൃഷ്ണമേനോൻ | 2 |
| ,, | എസ്. പത്മനാഭമേനോൻ ബി. എ., ബി എൽ. | 1 |
| ,, | പി. കെ. നാരായണപിള്ള ബി. എ., ബി. എൽ. | 4 |
| ,, | ജി. നാരായണപിള്ള ബി എ, പാൽക്കുളങ്ങര | 2 |
| ,, | കെ. ഗോപാലപിള്ള ബി എ., ബി എൽ. | 2 |
| ,, | എൻ. രാമകൃഷ്ണപിള്ള ബി. എ., ബി. എൽ. | 3 |
| ,, | എം. ഗോവിന്ദൻ ബി. എ , ബി. എൽ. | 2 |
| ,, | ഏ ജി. മേനോൻ ബി എ, പുത്തൻവേലിക്കര | 2 |
| ,, | ഇപ്പലെ സുന്ദരേശ്വരമേനോൻ | 2 |
| ,, | കോട്ടയിൽ രാമുണ്ണിമേനോൻ ഡി. ഡി. ആർ. | 2 |
| ,, | എം. ചാക്കോ ഐപ്പ് ബി. എ. | 2 |
| ,, | കെ. ഉണ്ണിക്കണ്ടൻനായർ, തൃക്കടീരി | 4 |
| ,, | പി. എസ്. പിള്ള, ജാംഷഡ്പൂർ | 4 |
| ,, | സി. വി. മുത്തുപ്പിള്ള ബി. എ., എൽ. ടി. | 2 |
| ,, | വി. ജി. ശങ്കരനാരായണപിള്ള ബി എ, ബി എൽ | 2 |
| ,, | ജി. കൃഷ്ണപിള്ള ബി എ, ബി എൽ കൊല്ലം | 2 |
| ,, | എൻ പരമേശ്വരൻപിള്ള ബി എ, ബി എൽ | 1 |
| ,, | എം. പരമേശ്വരൻപിള്ള, കൈതമുക്ക് | 2 |
| ,, | കെ. രാമന്മേനോൻ, കൂത്താട്ടുകുളം | 2 |
| ,, | കെ. താണുപിള്ള ബി എ, തിരുവനന്തപുരം | 2 |
| ,, | പി. ആർ. ശാമുക്കുട്ടിമേനോൻ ബി എ. | 1 |
| ,, | പി. വാസുദേവക്കുറുപ്പ് ബി. എ., ബി. എൽ. | 3 |
| ,, | മാത്തൂപ്പിള്ളി രാമന്മേനോൻ ബി എ, ബി എൽ | 3 |
| ,, | പി. ജി. ഗോവിന്ദപ്പിള്ള ബി. എ., ബി. എൽ. | 2 |
| ,, | പി. എം. രാമക്കുറുപ്പ് ബി. എ., ബി. എൽ. | 2 |
| ,, | പി. കുഞ്ഞൻകുറുപ്പ് എം എ, ബി എൽ | 2 |
| ,, | ഏ. വേലുമേനോൻ ബി എ, ബി എൽ | 2 |
| ,, | എം. വാസുദേവപ്പണിക്കർ ബി എ, ബി എൽ | 1 |
| ,, | ഏ. എൻ. മാധവക്കുറുപ്പ്, ആലപ്പുഴ | 2 |
| ,, | ഏ. എൻ. പണിക്കർ ബി എ, ബി എൽ | 2 |
| ,, | ഡോക്ടർ എം. വി. ഡി. പിള്ള എൽ. എം. എസ് | 2 |
| ,, | ജി. എസ്. സീതാരാമൻപോററി, പാളയം | 2 |
| ,, | കെ. പി. കൃഷ്ണമേനോൻ ബി എ, എൽ ടി, മന്നാർ | 4 |
| ,, | വൈദ്യൻ ഏ. പത്മനാഭപിള്ള, വൈക്കം (തുടരും) | 2 |